വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
സെപ്റ്റംബർ

Coirfed

# കയർ

## വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം

# Coirfed

'ആഘോഷം ഏതുമാവട്ടെ അനുയോജ്യ സമ്മാനം കയർഫെഡ് മെത്തകൾ തന്നെ'



*ഈ ഓഫർ നിബന്ധനകൾക്ക് വിധേയം

അവിശ്വസനീയമായ ഓഫറുകളുമായി കയർഫെഡ്..!



Cocofert


Mattings


Tiles

കയർഫെഡ് ഉൽപ്പന്നങ്ങൾക്കായി
തൊട്ടടുത്ത ഷോറൂം സന്ദർശിക്കുക!

Customer Care Number :
0477 2243627



Mats



Briquette


Coco Pot

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India

**Tel: 0477 2243627, 2243628 , 2243629** www.coirfed.in, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

**Head Office. No : +91 8281009840, +91 8281009828, +91 9495605091** | **Alappuzha :** 8281009856 | **Chalakkudy :** 8281009859 | **Chengannur :** 8281009854 | **Ernakulam :** 8281009858 | **Kannur :** 8281009864 | **Kayamkulam :** 8281009850 | **Kollam :** 8281009849 | **Kottayam :** 8281009857 | **Kozhikode :** 8281009863 | **Malappuram :** 8281009862 **Mavelikkara :** 8281009852 | **Nangiyarkulangara :** 8281009853 | **Narmada (Tvm) :** 8281009845 | **Parippally :** 8281009848 | **Palakkad :** 8281009826 | **Sulthan Batherry :** 8281009865 | **Thrissur :** 8281009860 | **Tirur :** 8281009861 | **Trida (Tvm) :** 8281009846 | **Ananthapuri :** 8281009847 | **Pathanamthitta :** 8281009873 | **Sreekayam :** 9349109251

# കയർ വ്യവസായം

# ഉള്ളടക്കം

**Vol-5, No.-2**
Established in 1998

Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**

PAGE 06

വക്കം അബ്ദുൾ ഖാദർ അവാർഡ് ആനത്തലവട്ടത്തിന്

PAGE 10

കേരളാ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, തൊഴിലാളി ക്ഷേമത്തിന്റെ വഴികാട്ടി

PAGE 19

കയർഭൂവസ്ത്ര അവലോകന യോഗം

PAGE 20

വ്യവസായ സൗഹൃദ ഇൻഡസ്ട്രിയൽ ക്ലിനിക്കുകൾ സ്ഥാപിക്കും: മന്ത്രി പി. രാജീവ്

PAGE 24

കയർ രംഗത്തെ മൺമറഞ്ഞ കുലപതികൾ : റ്റി.വി. തോമസ്

ലേഖകരുടെ അഭിപ്രായങ്ങൾ
കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ
ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**





# എഡിറ്റോറിയൽ

എഡിറ്റോറിയൽ

## കയർ ഭൂവസ്ത്ര വിനിയോഗം: കയർഫെഡിന്റെ ഇടപെടലുകൾക്ക് ഫലപ്രാപ്തി

**ഒ**ന്നാം പിണറായി സർക്കാർ നടപ്പിലാക്കിയ രണ്ടാം കയർ പുനസംഘടനാ പദ്ധതി കയർ വ്യവസായത്തിന്റെ വീണ്ടെടുപ്പിന് നൽകിയ സംഭാവന വളരെ വലുതാണ്. കയർ വ്യവസായത്തിൽ പരമ്പരാഗത കയർപിരി മേഖലയെ സംരക്ഷിച്ചുകൊണ്ടുള്ള ആധുനീകരണവും യന്ത്രവത്കരണവുമാണ് വിജയകരമായി നടപ്പിലാക്കിയത്. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷ്യനുകൾ സ്ഥാപിച്ചു നൽകികൊണ്ട് കയർ പിരി സംഘങ്ങളെ യന്ത്രവത്കൃത ഫാക്ടറികളാക്കി മാറ്റി. ആറുകൊല്ലം മുൻപ് കേരളത്തിലെ കയർ ഉത്പാദനം ശരാശരി 70,000 ക്വിന്റലായിരുന്നു. ഇത് ക്രമാനുഗതം വർദ്ധിച്ച് ഇപ്പോൾ 2.50 ലക്ഷം ക്വിന്റലിൽ എത്തി നിൽക്കുന്നു.

മെഷീനിൽ ഉത്പാദിപ്പിക്കുന്ന എ.എസ്.എം കയറിന്റെ സിംഹഭാഗവും കയർ ഭൂവസ്ത്രമായി രൂപാന്തരം വരുത്തിയാണ് വിപണനം ചെയ്യുന്നത്. കയറിന്റെ ഉത്പാദനം വർദ്ധിക്കുന്നതിനനുസരിച്ച് വിപണനവും സാധ്യമാകേണ്ടതുണ്ട്. 2017 ലെ കയർ കേരളയിൽ വച്ചാണ് ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽ മണ്ണു-ജല സംരക്ഷണത്തിന് കയർ ഭൂവസ്ത്രം വിനിയോഗിക്കുന്ന ഒരു ബൃഹത് പദ്ധതി നടപ്പിലാക്കിയത്. തുടർന്ന് നടന്ന എല്ലാ കയർ കേരളയിലും 100 കോടിയിൽപ്പരം രൂപയുടെ കയർ ഭൂവസ്ത്രവിതരണത്തിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കയർകേരളയിൽ വച്ച് 120 കോടി രൂപയുടെ ധാരണാപത്രമാണ് ഗ്രാമപഞ്ചായത്തുകളുമായി ഒപ്പിട്ടത്.

ഈ പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ നാല് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്ക് കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനുള്ള ചുമതല സർക്കാർ കയർഫെഡിനാണ് നൽകിയിട്ടുള്ളത്. തൊഴിൽ ഉറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രം വിനിയോഗിക്കുന്നതുവഴിയാണ് നിലവിൽ കയർ വിപണനം ഏറിയഭാഗവും നടന്നു വരുന്നത്.

കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ നടക്കുന്ന തൊഴിൽ ഉറപ്പു പദ്ധതിയും കയർ ഭൂവസ്ത്രവിനിയോഗവും ഏതാണ്ട് നിശ്ചലമായ അവസ്ഥയിലായിരുന്നു. ഇതിന്റെ ഫലമായി കയർഫെഡ് സംഭരിച്ച എ.എസ്.എം കയർ വിറ്റഴിക്കപ്പെടാതെ കെട്ടികിടക്കുന്ന അവസ്ഥയും സംജാതമായി. കയർഫെഡിന് അനുവദിച്ച നാല് ജില്ലകളിൽ തിരുവനന്തപുരം ജില്ലയിൽ ധാരണാപത്രം ഒപ്പിട്ടതിന്റെ 10 ശതമാനം ഭൂവസ്ത്രം മാത്രമാണ് വിതരണം ചെയ്യാനായത്. കാസർകോഡ് ഒരുതരി

പോലും വിപണനം ചെയ്യാനായില്ല. മറ്റു രണ്ട് ജില്ലകളിലും നാമമാത്രമായ ഓർഡ റാണ് ലഭിച്ചത്. മറ്റു കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സമാനമായ അവസ്ഥ യായിരുന്നു. ഇത് കയർ വിപണനത്തെ സാരമായി ബാധിച്ചു.

പൊതുമരാമത്ത് റോഡുകളുടെ പുനർ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും ഗുണനിലവാരമുള്ള കയർ ഭൂവസ്ത്രം എൻ.സി.ആർ.എം.ഐയുടെ സർട്ടിഫിക്കേഷ നോടുകൂടി കയർഫെഡ് ഉൾപ്പെടെയുള്ള കയർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി ഉപയോഗിക്കണമെന്ന് സർക്കാർ ഉത്തരവായിരുന്നെങ്കിലും അപ്ര കാരം ഈ സ്ഥാപനങ്ങളിൽ നിന്നും അവ വാങ്ങി വിനിയോഗിക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതായാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

ഈ സാഹചര്യത്തിൽ തൊഴിൽ ഉറപ്പു പദ്ധതിയിൻ കീഴിൽ കയർ ഭൂവസ്ത്ര വിനിയോഗം ഊർജ്ജിതപ്പെടുത്തുന്നതിനും പൊതുമരാമത്ത് റോഡുകൾക്ക് കയർ ഭൂവസ്ത്രം മേൽ ഉത്തരവ് പ്രകാരം വാങ്ങി വിനിയോഗിക്കുന്നതിനുമുള്ള സർക്കാർ ഇടപെടലുകൾക്കായി കയർഫെഡ് ചെയർമാൻ എന്ന നിലയിൽ ഞാൻ സംസ്ഥാന തദ്ദേശ ഭരണമന്ത്രി, വ്യവസായ നിയമ കയർ മന്ത്രി, പൊതുമരാമത്ത് മന്ത്രി എന്നി വർക്ക് നിവേദനം നൽകി. ബഹുമാനപ്പെട്ട മന്ത്രിമാർ ഈ വിഷയത്തിൽ അടിയന്തിര മായി ഇടപെടുകയും ആവശ്യമായ നിർദ്ദേശങ്ങളും തുടർ നടപടികളും സ്വീകരിക്കു കയും ചെയ്തത് കയർ ഭൂവസ്ത്ര വിനിയോഗത്തിൽ ഒരു ഗതിവേഗം കൈവരി ക്കുവാൻ കാരണമായിട്ടുണ്ട് എന്നത് സന്തോഷകരമാണ്. കൂടാതെ കയർ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കയർ വികസന ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് മിഷൻ ഡയറക്ടർ എന്നിവർക്കും കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവികളുടെ തലത്തിലും സത്വര നടപടികൾ സ്വീകരിച്ച് വരികയും ചെയ്തിട്ടുണ്ട്.

കയർഫെഡ് ഭരണസമിതി യോഗം ടി വിഷയം വിശദമായി ചർച്ച ചെയ്തു. കയർഫെഡിന് അനുവദിച്ച ജില്ലകളിലെ കയർ ഭൂവസ്ത്രവിനിയോഗത്തെക്കുറിച്ച് കയർഫെഡ് നേരിട്ട് വിശദമായ അവലോകനം നടത്തുവാനും ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, ബാലുശേരി എന്നീ ബ്ലോക്കുകളുടെ കീഴിലുള്ള ഗ്രാമ പഞ്ചായത്തുകളിലെ സ്ഥിതി അവലോകനം ചെയ്യുവാനും തീരുമാനിച്ചു. ഇത നുസരിച്ച് ടി രണ്ടു ബ്ലോക്കുകളിലെ ബ്ലോക്ക് പ്രസിഡന്റുമാർ, പഞ്ചായത്ത് പ്രസി ഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, കയർ പ്രോജക്ട് ഓഫീസർ, തൊഴിലു റപ്പ് മിഷൻ ജില്ലാ ജോയിന്റ് പ്രോജക്ട് കോ-ഓർഡിനേറ്റർ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, ജോയിന്റ് ബി.ഡി.ഒ എന്നിവരെ പങ്കെടുപ്പിച്ച്കൊണ്ട് സെപ്തംബർ അവ സാനം വിശദമായ അവലോകന യോഗം നടത്തി. ബാലുശ്ശേരി എം.എൽ.എ കെ.എം. സച്ചിൻദേവ്, കയർഫെഡ് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ഡയറക്ടർ ബോർഡ് മെമ്പർമാർ, മാർക്കറ്റിംഗ് മാനേജർ, ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർ, കയർഫെഡിലെയും കയർ പ്രോജക്ട് ഓഫീസിലെയും ഉദ്യോഗസ്ഥർ എന്നിവരും പ്രസ്തുത യോഗങ്ങളിൽ സംബന്ധിച്ചു.

ഇത്തരത്തിൽ ഒരു അവലോകനം നടത്തിയതുവഴി കയർ ഭൂവസ്ത്ര വിപണന ത്തിൽ ഇടക്കാലത്ത് വന്ന മാന്ദ്യം മുറിച്ചുകടക്കുവാനും ഊർജ്ജിതമായൊരു ഇടപെട ലിനുള്ള തുടക്കം കുറിക്കുവാനായതും ശുഭ പ്രതീക്ഷ നൽകുന്നു. എല്ലാ ജില്ലകളിലും കയർ ഭൂവസ്ത്ര സെമിനാറും അവലേകനയോഗവും സംഘടിപ്പിക്കുന്നതോടുകൂടി കയർ ഭൂവസ്ത്ര വിനിയോഗത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാനും അതു വഴി കയർ വിപണനം മെച്ചപ്പെടുവാനും ഇടയാകുമെന്നും പ്രതീക്ഷിക്കുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ

## വക്കം അബ്ദുൾ ഖാദർ പുരസ്കാരം ആനത്തലവട്ടത്തിന്

# സാർത്ഥകമായൊരു പുരസ്കാര സമർപ്പണം






**അഡ്വ.എൻ. സായികുമാർ**
പ്രസിഡന്റ്, കയർഫെഡ്


**ഇ**ക്കൊല്ലത്തെ വക്കം അബ്ദുൾ ഖാദർ അവാർഡ് സി.ഐ.റ്റി.യു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദനെ തേടിയെത്തിയ വാർത്ത അനല്പമായ ആഹ്ലാദവും അഭിമാനവുമാണ് പകർന്ന് നൽകിയത്. അനശ്വര രക്തസാക്ഷി വക്കം അബ്ദുൾ ഖാദറിന്റെ സ്മരണ നിലനിർത്തുന്നതിനായുള്ള പുരസ്കാരം സാർത്ഥമാകുന്നത് തീവ്രവും വിഭിന്നവും ദീർഘവും വ്യാപകവുമായ ജീവിതാനുഭവങ്ങളിലൂടെയും സമര മുഖങ്ങളിലൂടെയും കടന്നുവന്ന് രാഷ്ട്രീയ-സാമൂഹ്യ മണ്ഡലങ്ങളിൽ സൂര്യതേജസോടെ ഇന്നും നിറഞ്ഞു നിൽക്കുന്ന ആനത്തലവട്ടം ആനന്ദനെപ്പോലെയൊരു പൊതുപ്രവർത്തകനെ തേടിയെത്തുമ്പോഴാണെന്നത് തീർച്ചയാണ്.

സ്വാതന്ത്ര്യസമര സേനാനിയും ഐ.എൻ.എ ഭടനും നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ഉറ്റ അനുയായിയുമായ വക്കം അബ്ദുൾ ഖാദറെ ബ്രിട്ടീഷ് സർക്കാർ രാജ്യദ്രോഹ കുറ്റം ചുമത്തി തൂക്കിലേറ്റപ്പെട്ടതിന്റെ 79-ാം വാർഷിക ദിനത്തിലാണ് അബ്ദുൾ ഖാദറിന്റെ സ്മരണാർത്ഥം ജന്മനാട്ടിൽ പ്രവർത്തിക്കുന്ന സമിതി ആനത്തലവട്ടം ആനന്ദനെ അനുമോദിച്ചതും അവാർഡ് സമ്മാനിച്ചതും. ജൻമനാടിന്റെ മോചനത്തിനായി വളരെ ചെറുപ്പത്തിലെ പോരാട്ടത്തിനിറങ്ങിയ വക്കം അബ്ദുൾ ഖാദറിനെ തന്റെ 26-ാമത്തെ വയസിലാണ് മറ്റു മൂന്ന് സഖാക്കളോടൊപ്പം 1943 സെപ്റ്റംബർ 9ന് അർദ്ധരാത്രി മദിരാശിയിൽ തൂക്കിലേറ്റപ്പെട്ടത്. കൗമാരമെത്തും മുൻപേ കേരളത്തിലെ കയർത്തൊഴിലാളികൾക്കായി ജീവൻ പണയം വെച്ച് ജൻമി-മുതലാളി ഗുണ്ടകൾക്കും അവരുടെ സംരക്ഷകരായിരുന്ന പോലീസിനുമെതിരെ ധീരോദാത്തമായ പോരാട്ടങ്ങൾ സംഘടിപ്പിച്ച ചരിത്രമാണ് ആനത്തലവട്ടത്തിനുമുള്ളത്.

ഉടുതുണിക്ക് മറുതുണിയില്ലാതിരുന്ന പട്ടിണിപ്പാവങ്ങളായിരുന്ന കയർത്തൊഴിലാളികൾക്കു വേണ്ടിയാണ് ആറേഴുപതിറ്റാണ്ടു മുമ്പ് ആനത്തലവട്ടം ആനന്ദൻ ട്രേഡ് യൂണിയൻ പ്രവർത്തനത്തിലേയ്ക്ക് പിച്ചവച്ചത്. 1954 മുതൽ



*വക്കം ഖാദർ അവാർഡ് ആനത്തലവട്ടം ആനന്ദന് ഡോ. ജോർജ് ഓണക്കൂർ സമ്മാനിക്കുന്നു. വി. ശശി എം.എൽ.എ, ഒ.എസ്. അംബിക എം.എൽ.എ, ബി.സത്യൻ എക്സ്.എം.എൽ.എ എന്നിവർ സമീപം.*

ഒരണ കൂലി വർദ്ധനവിന് വേണ്ടി ട്രാവൻകൂർ കയർ തൊഴിലാളി യൂണിയൻ ശക്തമായ സമരം സംഘടിപ്പിച്ചിരുന്നു. ഈ സമരത്തോടൊപ്പം ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന അദ്ദേഹവും തൊഴിലാളികളുടെ സമരത്തിൽ സജീവമായ പങ്കുവഹിച്ചു. തിരു-കൊച്ചി സർക്കാർ നിയോഗിച്ച പ്രൊഫ. മാത്യു കുര്യൻ അദ്ധ്യക്ഷനായ കയർ തൊഴിലാളികൾക്ക് വേണ്ടിയുള്ള മിനിമം വേജസ് കമ്മിറ്റി, കയർ തൊഴിലാളികളുടെ മിനിമം കൂലിയായി ഒരു രൂപ നിജപ്പെടുത്തിയിരുന്നെങ്കിലും അക്കാലത്തെ പ്രബലന്മാരായ മുതലാളിമാർ അണാ-പൈസ പോലും വർദ്ധിപ്പിച്ചു നൽകാൻ തയാറായില്ല. 1957ൽ അധികാരത്തിൽ വന്ന ഇ.എം.എസ് സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച തൊഴിലാളി സഹകരണ സംഘങ്ങളിൽ മാത്രമാണ് ഈ കൂലി വ്യവസ്ഥ നടപ്പിലാക്കിയത്. എന്നാൽ അക്കാലത്തുണ്ടായിരുന്ന തൊഴിലാളികളെ മുഴുവൻ ഉൾക്കൊള്ളാൻ ഈ സംഘങ്ങൾക്ക് കഴിയുമായിരുന്നില്ല. മുതലാളിമാർ ഒരണ കൂലി കൂട്ടാൻ തയാറായില്ലെന്നു മാത്രമല്ല തൊഴിലാളികളുടെ മേലുള്ള ചൂഷണം ശക്തമാക്കുകയും ചെയ്തു.





തൊഴിലാളി വിരുദ്ധരായ ഈ മുതലാളിമാരിൽ നിന്ന് ഒരണ കൂലി കൂടുതൽ നേടിയെടുക്കുന്നതിന് കയർ തൊഴിലാളികളെയും കൂട്ടി 1957-ൽ ഇ.എം.എസ് സർക്കാരിന്റെ കാലത്ത് സെക്രട്ടറിയേറ്റ് പടിക്കൽ സമരം ചെയ്യുകയും ഇതിന്റെ പേരിൽ പാർട്ടി ബ്രാഞ്ച് സെക്രട്ടറിയായിരുന്ന ആനത്തലവട്ടം അന്ന് പാർട്ടി അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന എസ്. കുമാരന്റെ ശാസന ഏറ്റുവാങ്ങുകയും ചെയ്തിരുന്നു. എന്നാൽ തൊഴിലാളികളുടെ ദത്തുപുത്രനും മഹാനായ കമ്യൂണിസ്റ്റ് നേതാവുമായ ഇ.എം.എസ് കയർത്തൊഴിലാളി സമരത്തിൽ ഇടപെടുകയും കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലുള്ളത് തൊഴിലാളികൾക്കു സമരം നടത്തുന്നതിന് തടസമല്ലെന്ന് വിശദീകരിക്കുകയും ചെയ്തു. പിൽക്കാലത്ത് ഇ.എം.എസ് മുന്നോട്ടുവെച്ച വിഖ്യാതമായ 'ഭരണവും സമരവു'മെന്നു ആശയത്തിന് ഈ കയർത്തൊഴിലാളി സമരമാണ് കാരണമായതെന്ന വസ്തുത ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്.

ഇ.എം.എസ് സർക്കാരിനെ പിരിച്ചുവിട്ടതോടെ തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനവും സർക്കാർ അവസാനിപ്പിച്ചു. ഇതോടെ കയർത്തൊഴിലാളികളുടെ മേലുള്ള ചൂഷണം ഇരട്ടിയായി. തൊഴിലാളികളെ തൃണതുല്യരായി കണക്കാക്കുന്നതും കയ്യേറ്റം ചെയ്യുന്നതുമൊക്കെ തങ്ങളുടെ ജന്മാവകാശമായി കണക്കാക്കിയിരുന്ന മുതലാളിമാരാണ് അക്കാലത്തുണ്ടായിരുന്നത്. ജന്മിമാരും അവരുടെ ഗുണ്ടകളും ചേർന്ന് തൊഴിലാളികളുടെ പ്രത്യേകിച്ച്





പട്ടിക ജാതിയിൽപ്പെട്ടവരുടെ കുടിലുകൾ പൊളിച്ചു കളയുന്നത് അക്കാലത്ത് സർവ്വ സാധാരണമായിരുന്നു. വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ ഇത്തരം ജന്മി-ഗുണ്ടാ പ്രവർത്തനങ്ങളെ നെഞ്ചുറപ്പോടെ നേരിട്ടെതിർത്ത ചരിത്രം കൂടിയാണ് ആനത്തലവട്ടം ആനന്ദന്റെ സമരജീവിത ചരിത്രം. പിൽക്കാലത്ത് നിയമസഭാ അംഗം, കയർ ബോർഡ് വൈസ് ചെയർമാൻ, കയർഫെഡ് ചെയർമാൻ, അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ തുടങ്ങി വിവിധ നിലകളിലൊക്കെ പ്രവർത്തിക്കുമ്പോഴും കയർത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാനും കയർ വ്യവസായത്തെ ആധുനികവത്കരിക്കാനും സമാനതകളില്ലാത്ത ഇടപെടലുകളാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്.

1950-കളുടെ മധ്യത്തിൽ പൊതുപ്രവർത്തനം ആരംഭിച്ച്, ഇന്ന് ഈ അത്യന്താധുനിക സാങ്കേതിക വിദ്യകളുടേയും ഡിജിറ്റൽ വിപ്ലവത്തിന്റെ കാലത്തും തൊഴിലാളികൾക്കായി കാലത്തിനുസൃതമായ പുതിയ പോർമുഖങ്ങൾ തുറക്കാനും അവരെ ആർജ്ജവത്തോട് നയിക്കാനും കഴിയുന്നിടത്താണ് ആനത്തലവട്ടത്തെ പോലെയുള്ളവർ സർവ്വാദരണീയരായി മാറുന്നത്. പ്രൗഢഗംഭീരമായ സദസിനെ സാക്ഷിയാക്കി പ്രമുഖ സാഹിത്യകാരൻ പ്രൊഫ. ജോർജ്ജ് ഓണക്കൂർ അദ്ദേഹത്തിന് വക്കം അബ്ദുൾ ഖാദർ അവാർഡ് സമർപ്പിച്ചപ്പോൾ കേരളമാകെ, വിശിഷ്യാ കേരളത്തിലെ തൊഴിലാളി വർഗം അഭിമാനപുളകിതരാകുന്നതും അതുകൊണ്ടുതന്നെയാണ്.

***(2021 സെപ്തംബർ 29, കേരള കൗമുദി)***





# കയർഫെഡിന്റെ കൽക്കത്ത, സിലിഗുരി ഷോറൂം

*പടിഞ്ഞാറൻ ബംഗാൾ കയർ ഉത്പന്നങ്ങളുടെ നല്ല മാർക്കറ്റായിരുന്നു. കയർഫെഡിന് ഇവിടെ രണ്ട് ഷോറൂമുകൾ ഉണ്ട്. കൽക്കത്തയിലും സിലിഗുരിയിലും. സിലിഗുരിയിലെ മാനേജർ സുനിൽകുമാർ തിരുവനന്തപുരം നിവാസിയാണ് 25 വർഷമായി ബംഗാളിൽ എത്തിയിട്ട്. ഇപ്പോൾ സഹായി ആയി ബീഹാർ സ്വദേശി നവീനും ഒപ്പം ഉണ്ട്. സിലിഗുരിയിലെ തിരക്കേറിയ സേത്ത് ശ്രീലാൽ മാർക്കറ്റിലാണ് കയർഫെഡ് ഷോറൂം.*

# കേരളാ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്: തൊഴിലാളി ക്ഷേമത്തിന്റെ വഴികാട്ടി



**കെ.കെ. ഗണേശൻ**
**ചെയർമാൻ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്**




**കേ**രളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ ചരിത്രത്തിൽ മാറ്റത്തിന്റെ കൊടുങ്കാറ്റുയർത്തിയ ഒരു വിഭാഗമാണ് കയർ തൊഴിലാളികൾ. കയർ തൊഴിലാളികളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നമ്മുടെ സംസ്ഥാനത്തെ കയർ തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുക എന്ന ദൗത്യം സഫലമാക്കിയത് 1987 ലെ ഇടതു സർക്കാരാണ്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽ ഏറെ മുന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ധാരാളം തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾക്ക് രൂപം നൽകുക വഴി രാജ്യത്തിനാകെ തന്നെ മാതൃകയായിട്ടുണ്ട് നമ്മുടെ സംസ്ഥാനം. സംഘടിതരും അസംഘടിതരുമായ വിവിധ മേഖലകളിലെ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനു വേണ്ടി ധാരാളം തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ഈ രംഗത്ത് വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

1987 ലെ ഇ.കെ. നായനാർ സർക്കാർ കേരള കയർ തൊഴിലാളി ക്ഷേമനിധി നിയമത്തിന് രൂപം നൽകുകയും 1989 ജനുവരിയിൽ ക്ഷേമനിധി ചട്ടങ്ങൾക്കും പദ്ധതികൾക്കും അംഗീകാരം നൽകുകയും കയർ തൊഴിലാളി ക്ഷേമനിധി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി 1989 ഫെബ്രുവരി മാസം ആലപ്പുഴ ആസ്ഥാനമാക്കി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുകയും ചെയ്തു.



*ഇ.കെ. നായനാർ*

കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രഥമസ്ഥാനത്തു നിന്നിരുന്നതും ഏകദേശം നാല് ലക്ഷത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്നതുമായ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായിരുന്നു കയർ വ്യവസായ മേഖല. ആധുനിക സാങ്കേതിക വിദ്യ വികസിക്കുകയും നവ ഉദാരണവത്ക്കരണ നയങ്ങളും, പുത്തൻ വിപണന സംസ്ക്കാരവും എല്ലാം ചേർന്ന് പരമ്പരാഗത വ്യവസായങ്ങൾക്ക് ഭീഷണി ഉയർത്തുന്ന ഇക്കാലത്തും കയർ വ്യവസായമേഖല സാധ്യമായ ഉയർത്തെഴുന്നേൽപ്പിനുള്ള പരിശ്രമം നടത്തുകയാണ്. കോവിഡ്–19 പ്രതിസന്ധി സൃഷ്ടിച്ച മാന്ദ്യത്തിലും കയർ വ്യവസായ മേഖലയ്ക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞതു തന്നെ ഈ വ്യവസായത്തിന്റെ പ്രസക്തി വെളിവാക്കുന്നതാണ്.

കയർ ഉത്പന്നങ്ങൾക്കു പകരമായി ഒട്ടേറെ വൈവിധ്യമാർന്ന പ്ലാസ്റ്റിക്, കോട്ടൺ, റബർ ഉത്പന്നങ്ങൾ നമ്മുടെ രാജ്യത്തും വിദേശ വിപണിയിലും ഇടം പിടിച്ചിട്ടുണ്ടെങ്കിലും ഇക്കോ ഫ്രണ്ട്‌ലി ആയ ഉത്പന്നമെന്ന നിലയ്ക്ക് വിദേശ വിപണിയിൽ ഇന്നും കയർ ഉത്പന്നങ്ങൾക്ക്‌വലിയ പ്രിയമാണുള്ളത്. മുഖ്യമായും വിദേശ വിപണിയെ ആശ്രയിച്ചു നിലനിന്നിരുന്ന വ്യവസായം ഇന്ന് നമ്മുടെ രാജ്യത്തെ നിർമ്മാണ മേഖലയിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്. കയർ ഭൂവസ്ത്ര നിർമ്മാണത്തിനായും റോഡ് നിർമ്മാണത്തിലും, കനാലുകളുടെയും, കൃഷിയിടങ്ങളുടെയും, ബണ്ടുനിർമ്മാണത്തിലും കയർ ഭൂവസ്ത്രം ഇന്ന് വലിയ തോതിൽ ഉപയോഗിക്കുന്നുണ്ട്. അതുവഴി കയർ വ്യവസായത്തിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യവസായത്തിന്റെ നിലനിൽപ്പിനും ആവശ്യമായ ഇടപെടലുകൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. കയർ വ്യവസായത്തിന്റെ നിലനിൽപ്പിനാവശ്യമായ അസംസ്കൃത പദാർത്ഥമായ ചകിരിയുടെ ഉത്പാദനം വർദ്ധിപ്പിച്ചും, ഉത്പന്നങ്ങൾക്ക് പുത്തൻ വിപണി കണ്ടെത്തുന്നതിനും ഒന്നാം പിണറായി സർക്കാർ ഒട്ടേറെ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്.





## ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ

കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച ക്ഷേമനിധി ബോർഡ് തുടക്കത്തിൽ 60 വയസ് കഴിഞ്ഞവരും, പ്രായാധിക്യത്താലോ മറ്റ് അവശത മൂലമോ തൊഴിലെടുക്കാൻ കഴിയാത്തവരുമായ മുൻ കയർ തൊഴിലാളികളുടെ സംരക്ഷണം ലക്ഷ്യമാക്കി അത്തരക്കാർക്ക് പെൻഷൻ നൽകുന്നതിലും, നിലവിലെ തൊഴിലാളികളെ ക്ഷേമനിധിയിൽ ചേർക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കാണ് മുഖ്യ പരിഗണന നൽകിയിരുന്നത്. ഇപ്രകാരം 60,000 ത്തോളം പേർക്ക് പെൻഷനും ഏകദേശം രണ്ടര ലക്ഷം തൊഴിലാളികളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനും ബോർഡിന് കഴിഞ്ഞിരുന്നു.

കയർ തൊഴിലാളികൾ, തൊഴിലുടമകൾ, കയർ ഉത്പന്ന നിർമ്മാതാക്കൾ, കയറ്റുമതിക്കാർ, കയർ സഹകരണ സംഘങ്ങൾ, വ്യാപാരികൾ, റെറ്റേഴ്സ് തുടങ്ങിയവരിൽ നിന്നും നിയമ പ്രകാരം സമാഹരിക്കുന്ന അംശദായവും സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുമാണ് ക്ഷേമനിധിയുടെ പ്രധാന വരുമാന മാർഗങ്ങൾ.

ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വരുന്ന 1987നു മുൻപ് തൊഴിലിൽ നിന്നും വിരമിച്ച മുൻ കയർ തൊഴിലാളികൾക്ക് പെൻഷൻ, നിധിയിൽ നിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ, മരണപ്പെടുന്ന അംഗങ്ങളുടെ/പെൻഷണറുടെ ജീവിതപങ്കാളിക്ക് കുടുംബ പെൻഷനും, റിട്ടയർമെന്റും, ഗ്രാറ്റുവിറ്റിയും തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമായി ക്ഷേമനിധിയിൽ നിന്നും വ്യവസ്ഥകൾക്കു വിധേയമായി വിവിധങ്ങളായ ക്ഷേമാനുകൂല്യങ്ങളും ബോർഡ് നൽകുന്നു്.

വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാധനസഹായം, ശാരീരിക അവശതക്കുള്ള പത്യേക ധനസഹായം, അപകടമരണ നഷ്ടപരിഹാരം, ശവസംസ്ക്കാര ധനസഹായം, അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ധനസഹായം, തുടങ്ങി ഒട്ടേറെ ക്ഷേമ പദ്ധതികളാണ് കയർ തൊഴിലാളി ക്ഷേമനിധി മുഖേന ബോർഡ് നടപ്പിലാക്കുന്നത്. പ്രസവാനുകൂല്യം 1000 രൂപയായിരുന്നത് സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ സഹായത്തോടെ 15000 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.




## മറ്റ് ക്ഷേമപ്രവർത്തനങ്ങൾ

### കയർ തൊഴിലാളി വൃദ്ധസദനം:

നിരാലംബരും വൃദ്ധരുമായിട്ടുള്ള കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി 1995ൽ ആരംഭിച്ച കയർ തൊഴിലാളി വൃദ്ധസദനം ഈ രംഗത്തെ മികച്ച ഒരു സ്ഥാപനമാണ്. എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടി പ്രവർത്തിക്കുന്ന വൃദ്ധസദനത്തിൽ അന്തേവാസികളുടെ പരിചരണം, ഭക്ഷണം, വസ്ത്രം, ചികിൽസ, കൃത്യമായ വൈദ്യപരിശോധന, വിനോദ ഉപാധികൾ തുടങ്ങിയ സേവനങ്ങൾ പൂർണമായും സൗജന്യമാണ്.

### കംപ്യൂട്ടർ പരിശീലനം:

കേരളത്തിലാദ്യമായി ഒരു തൊഴിലാളി ക്ഷേമനിധി ബോർഡ് സൗജന്യമായി അംഗങ്ങളുടെ മക്കൾക്ക് കംപ്യൂട്ടർ പരിശീലനം നൽകിയത് 1997ൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡാണ്. പിന്നീട് കംപ്യൂട്ടർ പരിശീലനം സ്ക്കൂൾ പാഠ്യപദ്ധതിയിൽ സർക്കാർ ഉൾപ്പെടുത്തിയതിനെ തുടർന്ന് ബോർഡ് ഈ പദ്ധതി അവസാനിപ്പിക്കുകയായിരുന്നു.

### കയർ തൊഴിലാളി ഭവന നിർമ്മാണ പദ്ധതി:

1997ൽ സംസ്ഥാന സർക്കാരും ഹഡ്കോ, എച്ച്.ഡി. എഫ്.സി. എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ക്ഷേമനിധി ബോർഡ് കയർ തൊഴിലാളികൾക്കായി സൗജന്യ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അക്കാലത്ത് സംസ്ഥാന സർക്കാർ നടപ്പിലാക്കിയ മൈത്രീ ഭവന പദ്ധതിയിൽ പങ്കാളികളാവുകയും ചെയ്തിരുന്നു. പിന്നീട് രാജ്യത്തു തന്നെ ആദ്യമായി നമ്മുടെ സംസ്ഥാനത്ത് സൗജന്യ ഭവന പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കം കുറിക്കുകയും അതിൽ കയർ തൊഴിലാളികളെയും മറ്റു പരമ്പരാഗത തൊഴിലാളികളെയും ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് തൊഴിലാളികൾക്കായി ഒരു സൗജന്യ ഭവന പദ്ധതി എന്ന ആശയം രൂപീകരിച്ചത് കയർ തൊഴിലാളി ക്ഷേമനിധി ബോർഡാണ് എന്നത് ശ്രദ്ധേയമാണ്.

## പ്രത്യേക ചികിൽസ ധനസഹായം

### മെഡിക്കൽ ക്യാമ്പുകൾ:

1998 മുതൽ ബോർഡിന്റെ നേതൃത്വത്തിൽ കയർ തൊഴിലാളി കേന്ദ്രങ്ങളിൽ സൗജന്യ വൈദ്യപരിശോധനയും സൗജന്യ മരുന്നു വിതരണവും നടത്തി വന്നിരുന്നു.

സംസ്ഥാനത്ത് ചിക്കൻ ഗുനിയ പടർന്നു പിടിച്ച നാളുകളിൽ 2006 ൽ കയർ തൊഴിലാളികൾക്ക് പ്രത്യേക ധനസഹായം നൽകി കൊണ്ട് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മാതൃകയായിട്ടുണ്ട്. ഇന്ന് കോവിഡ് മഹാമാരി സൃഷ്ടിച്ചിട്ടുള്ള ദുരിതത്തിന്റെ കാലത്ത് സംസ്ഥാന സർക്കാർ രണ്ടുഘട്ടങ്ങളിലായി 1000 രൂപ പ്രകാരം തൊഴിലാളികൾക്ക് 2000 രൂപ ആശ്വാസ ധനസഹായമായി നൽകുകയും ചെയ്തിട്ടുണ്ട്

കാൻസർ, വൃക്കരോഗങ്ങൾ, ഹൃദ്രോഗം, കരൾ രോഗം തുടങ്ങി മാരക സ്വഭാവമുള്ള രോഗത്തിനിരയാകുന്ന തൊഴിലാളികളുടെ ചികിൽസക്കായി 10,000 രൂപ വരെ പ്രത്യേക ധനസഹായവും ബോർഡ് നൽകിയിരുന്നു. പിന്നീട് സംസ്ഥാനത്ത് ആർ.എസ്.ബി.വൈ., കാരുണ്യ പദ്ധതി പ്രകാരം കയർ തൊഴിലാളികൾക്ക് ചികിൽസ പൂർണമായും ഇൻഷുറൻസ് പരിരക്ഷയോടു കൂടി സൗജന്യമാക്കിയിട്ടുള്ളതാണ്.



*രണ്ടാം പിണറായി സർക്കാരിന്റെ കയർതൊഴിലാളികൾക്കുള്ള ആനുകൂല്യവിതരണം*

## മറ്റ് അടിസ്ഥാന വികസന പദ്ധതികൾ

കയർ തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് മുഖേന ഒട്ടേറെ സാമൂഹ്യസുരക്ഷ പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതിനും സംസ്ഥാനത്തിന് തന്നെ മാതൃകയാകുന്നതിനും ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട് എന്നത് അഭിമാനാർഹമായനേട്ടമാണ്.

കയർ തൊഴിലാളികൾക്ക് യന്ത്രവത്കൃത റാട്ടിൽ തൊഴിൽ പരിശീലനം, സൗജന്യമായി തൊഴിലുപകരണങ്ങൾ വിതരണം, തൊഴിലാളികൾക്കായി അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, സൗജന്യ വീട് വൈദ്യുതീകരണം, സമ്പൂർണ്ണ സാനിറ്റേഷൻ പദ്ധതി, പ്രകൃതി സംരക്ഷണാർത്ഥമുള്ള മഴവെള്ള സംഭരണ കുടിവെള്ള പദ്ധതി, ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായം തുടങ്ങി നമ്മുടെ സംസ്ഥാനം ഇന്ന് കൈവരിച്ചിട്ടുള്ള ഒട്ടെറെ സാമൂഹ്യ ക്ഷേമപദ്ധതികൾക്കും തുടക്കം കുറിക്കാൻ ക്ഷേമനിധി ബോർഡിനായിട്ടുണ്ട് എന്നത് ഇത്തരുണത്തിൽ അഭിമാനപൂർവം സ്മരിച്ചുകൊള്ളുന്നു.

കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് 1995 ൽ വൃദ്ധസദനം ആരംഭിക്കുമ്പോൾ ഒട്ടേറെ വിമർശനങ്ങൾ ഉയർന്നിരുന്നു. എന്നാൽ ഇന്ന് വൃദ്ധജന സമൂഹത്തിന്റെ സംരക്ഷണാർത്ഥം ഒട്ടേറെ പദ്ധതികളാണ് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കേരള വികസന മോഡലിന് കരുത്ത് പകർന്നുകൊണ്ട് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒട്ടേറെ ക്ഷേമ പദ്ധതികൾ കയർ തൊഴിലാളികൾക്കായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1989 ൽ 32 വർഷം മുൻപ് രൂപീകരിച്ച കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് പിന്നിട്ട വഴികളിൽ തൊഴിലാളി ക്ഷേമത്തിന് മാർഗ ദീപം തെളിച്ച വഴികാട്ടിയായി മാറുകയാണുണ്ടായിട്ടുള്ളത്. ഇന്ന് പരമ്പരാഗത തൊഴിൽ മേഖല നേരിടുന്ന എല്ലാ പ്രതിസന്ധികളും കയർ മേഖലയും അതുവഴി ക്ഷേമനിധി ബോർഡും അഭിമുഖീകരിക്കുന്നുണ്ട്. തൊഴിലാളി അംശാദായം മാത്രം സ്വീകരിച്ചുകൊണ്ട് പ്രവർത്തനം മുന്നോട്ട് നയിക്കാൻ കഴിയാത്ത നിലയിൽ ക്ഷേമനിധി ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്.

ക്ഷേമനിധി നിയമ പ്രകാരം കയറ്റുമതിക്കാരിൽ നിന്നും വ്യാപാരികളിൽ നിന്നും വിറ്റുവരവിനെ അടിസ്ഥാനമാക്കി ലഭിച്ചിരുന്ന വാർഷിക വിഹിതം ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി ന്യായം മൂലം തടസപ്പെട്ടതോടുകൂടി ക്ഷേമനിധി ബോർഡിന്റെ മുഖ്യ വരുമാന സ്രോതസ് ഇല്ലാതാവുകയും വരുമാനത്തിൽ വലിയ കുറവുണ്ടാവുകയും ചെയ്തത് ബോർഡിന് വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിർലോഭമായ സഹായം ഒന്നുകൊണ്ട് മാത്രമാണ് നിലവിൽ ക്ഷേമനിധി ബോർഡിന് ഇപ്രകാരം തുടരാൻ കഴിയുന്നത്. കയർ തൊഴിലാളി പെൻഷൻ നൽകുന്നതിനാവശ്യമായ മുഴുവൻ തുകയും, വിരമിക്കൽ ആനുകൂല്യം നൽകുന്നതിനാവശ്യമായ തുകയും, ക്ഷേമനിധിയിലേക്കുള്ള മാച്ചിംഗ് ഗ്രാന്റ് തുടങ്ങി പ്രതിവർഷം 150 കോടിയോളം രൂപ കൃത്യമായും സർക്കാർ ഗ്രാന്റായി ലഭിച്ചതുകൊണ്ടാണ് കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് നിലനിൽക്കുന്നത്.

ഇടതുപക്ഷ സർക്കാരുകളുടെ തൊഴിലാളി ക്ഷേമത്തോടുള്ള പ്രതിബന്ധത ഒന്നുകൊണ്ട് മാത്രമാണ് ഈ കടുത്ത പ്രതിസന്ധിയിലും കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നിലനിൽക്കാനായി ഊർജ്ജം പകർന്നിട്ടുള്ളത്.



# കാഞ്ഞങ്ങാട് ഹൈടെക് ഡീഫൈബറിംഗ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു

**കേ**രള സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.സി.സി.പി ലിമിറ്റഡിന്റെ വൈവിധ്യവത്കരണ പദ്ധതിയുടെ ഭാഗമായി സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിലെ പുതുക്കൈയിൽ കേരള സംസ്ഥാന കയർമെഷിനറിമാനുഫാക്ചറിംഗ് കമ്പനിയുടെ സഹകരണത്തോടെ ആരംഭിച്ച ഹൈടെക് കയർ ഡീഫൈബറിംഗ് യൂണിറ്റിന്റെ ഉദ്ഘാടനവും ബി.പി.സി.എല്ലുമായി സഹകരിച്ച് കരിന്തളത്ത് ആരംഭിച്ച പെട്രോൾ പമ്പിന്റെ ശിലാസ്ഥാപനവും സംസ്ഥാന വ്യവസായ നിയമ-കയർ മന്ത്രി പി. രാജീവ് നിർവഹിച്ചു. ചടങ്ങിൽ ഇ. ചന്ദ്രശേഖരൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഹൈടെക് കയർ യൂണിറ്റിന്റെ രണ്ടാമത്തെ യൂണിറ്റാണ് പുതുക്കൈയിൽ സ്ഥാപിച്ചത്. ആദ്യ യൂണിറ്റ് കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ പ്രവർത്തനമാരംഭിച്ചു. ഹൈടെക് യൂണിറ്റിന് 3.30 കോടി രൂപയാണ് നൽകിയത്. ഒരു ദിവസം രണ്ട് യൂണിറ്റുകളിലായി ഒരു ഷിഫ്റ്റിൽ 60,000 തൊണ്ടിന്റെ ചകിരി ഉത്പാദിപ്പിക്കുവാൻ കഴിയുന്നതാണ്. രണ്ടു ഷിഫ്റ്റ് പ്രവർത്തിക്കുകയാണെങ്കിൽ പ്രതിമാസം 30 ലക്ഷം തൊണ്ട് പ്രോസസ് ചെയ്യുവാൻ ഈ യൂണിറ്റിൽ സാധിക്കുന്നതാണ്. ഇവിടെ ഉത്പാദിപ്പിക്കുന്ന മുഴുവൻ ചകിരിയും മൊത്തമായി തന്നെ കയർഫെഡ് ഏറ്റെടുക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.

കയർ സഹകരണ സംഘങ്ങൾക്ക് ഗുണമേന്മയുള്ള ചകിരി മിതമായ നിരക്കിൽ ആവശ്യാനുസരണം ലഭിക്കുന്ന ഒരു വിപുലമായ പദ്ധതിയാണ് ഇതുവഴി സാധിതമാവുന്നത്. ചകിരി ഉത്പാദിപ്പിക്കുമ്പോൾ അതിന്റെ ഉപോത്പന്നമായി ലഭിക്കുന്ന കുട്ടി ഫൈബറും ചകിരിച്ചോറും ഉപയോഗിച്ച് ജൈവ വളം, ഗാർഡൻ ആർട്ടിക്കിൾസ് തുടങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആരംഭിക്കുന്നതിനും രണ്ടാംഘട്ട പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്. വിവിധ ഏജൻസികളുടെ സഹായത്തോടെ ഈ യൂണിറ്റിനാവശ്യമായ തൊണ്ട് സംഭരിക്കുവാനാണ് കമ്പനി പദ്ധതിയിട്ടിട്ടുള്ളത്. വിധവ ക്ഷേമസംഘം, കുടുംബശ്രീ യൂണിറ്റുകൾ, സഹകരണ സ്ഥാപനങ്ങൾ, കർഷകർ എന്നിവർ വഴി തൊണ്ട് സംഭരിക്കാനാണ് സ്ഥാപനം പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

മലബാർ മേഖലയിലെ നാളികേര കർഷകരെയും ചെറുകിട കയർ സംരംഭകരെയും സംഘങ്ങളെയും സഹായിക്കുവാൻ കഴിയുന്ന ഒരു കേന്ദ്രമായി ഈ സ്ഥാപനത്തെ മാറ്റുവാനുള്ള പരിശ്രമമാണ് നടത്തുന്നത്. മലബാറിലെ കേര കർഷകരെ സഹായിക്കുന്നതിന് കൂടിയാണ് ഈ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതെന്ന് കെ.സി.സി.പി.എൽ. മാനേജിംഗ് ഡയറക്ടർ ആനക്കൈ ബാലകൃഷ്ണൻ പറഞ്ഞു. ഇതൊരു നാളികേര അധിഷ്ഠിത സംയോജിത പദ്ധതിയാണെന്നും അദ്ദേഹം പറഞ്ഞു.



*കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് ആരംഭിച്ച ഹൈടെക് ചകിരിമില്ല് യൂണിറ്റിലെ ചകിരി കയർഫെഡ് വാങ്ങുന്നതിനുള്ള കരാർ. ഇ.ചന്ദ്രശേഖരൻ എം.എൽ.എ, എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ, കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ എന്നിവർ ചേർന്ന് കൈമാറുന്നു .*

# എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലാക്കും: മന്ത്രി പി. രാജീവ്

**പൊ**തുമേഖല സ്ഥാപനങ്ങൾ സംരക്ഷിക്കുകയും അതിലൂടെ മെച്ചപ്പെട്ട പ്രവർത്തനം സാധ്യമാക്കി ലാഭമുണ്ടാക്കി പ്രവർത്തിപ്പിക്കുകയുമാണ് സർക്കാരിന്റെ നയമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കൈയിൽ കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് ആരംഭിച്ച ഹൈടെക് ചകിരിനാര് യൂണിറ്റിന്റെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

പുതുക്കൈ യൂണിറ്റിൽ നടന്ന പരിപാടിയിൽ ഇ. ചന്ദ്രശേഖരൻ എം.എൽ.എ. അദ്ധ്യക്ഷനായി. രാജ്മോഹൻ ഉണ്ണിത്താൻ എം.പി. മുഖ്യാതിഥിയായി. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് എന്നിവർ വിശിഷ്ടാതിഥികളായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി, വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി കെ. അശോകൻ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, ടി.കെ. ഗോവിന്ദൻ തുടങ്ങിയവർ സംസാരിച്ചു. മാനേജിംഗ് ഡയറക്ടർ ആനക്കൈ ബാലകൃഷ്ണൻ സ്വാഗതവും ഡയറക്ടർ പി.കെ. ഹരിദാസ് നന്ദിയും പറഞ്ഞു. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എല്ലുമായി സഹകരിച്ച് കെ.സി.സി.പി. കരിന്തളം തലയെടുക്കത്ത് ആരംഭിക്കുന്ന പെട്രോൾ പമ്പിനും മന്ത്രി പി. രാജീവ് തറക്കല്ലിട്ടു.



*കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് ആരംഭിച്ച ഹൈടെക് ചകിരിമില്ല് യൂണിറ്റ് ഓൺലൈനായി മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. ഇ. ചന്ദ്രശേഖരൻ എം.എൽ.എ., എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, മാനേജിംഗ് ഡയറക്ടർ ആനക്കൈ ബാലകൃഷ്ണൻ എന്നിവർ സമീപം.*



# കേരം തിങ്ങും കേരളഭാഷ – 2

പി.വി. വേണുഗോപാൽ



**തെ**ങ്ങ് കൃഷിയുടെ പുഷ്കല കാലം മാത്രമല്ല കൂമ്പും വേരും ചീഞ്ഞ് തകർന്നു പോയ പടുകാലത്തെപ്പറ്റിയും നമ്മുടെ കവികൾ ദുഖാകുലരായിട്ടുണ്ട്. പ്രശസ്ത കവി ഒളപ്പമണ്ണ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ 'വഴിവാട് തേങ്ങ' എന്ന കവിത നോക്കൂ. സർവ്വ വിഘ്നത്തിനും പരിഹാരം തേടി കാടാമ്പുഴ ക്ഷേത്രത്തിൽ 'മുട്ടറുക്കൽ' വഴിപാടിന് എത്തിയതാണ് കവി.

*''മിഴി മങ്ങി, തലനരച്ചമ്പലത്തിൽ*
*വഴിവാടു തേങ്ങയുമായി നിന്നേൻ*
*ചകിരി,ചിരട്ടയും ഉള്ളിലല്പം*
*ജലവും കഴമ്പുമീ നാളീകേരം*
*ജീവിതത്തിൻ കനം, ഈ വിധം ഞാൻ*
*ദേവിതൻ കാൽക്കൽ ഇറക്കി നിൽക്കേ..''*എന്തു സംഭവിച്ചെന്നു കവി അവസാന രണ്ടു വരികളിൽ വിവരിക്കുന്നത് നോക്കൂ.

*'പിന്നെയും ഹന്ത, പഴുത്തിടുന്നു*
*തെങ്ങിൽ കൊരലിലെൻ മുട്ടുതേങ്ങ'* ദൈവം വിചാരിച്ചാലും രക്ഷപെടുത്താനാവാത്ത വിധം അധഃപതിക്കുന്ന തെങ്ങുകൃഷിയെ ഇതിൽപ്പരം ഭംഗിയായി ചിത്രീകരിക്കുന്നതെങ്ങനെ?

*''അങ്ങോട്ടു നോക്കിയാൽ ദൂരയല്ലാതൊരു*
*തെങ്ങിൻ തുരുത്തതാ കാണാം*
*ഉച്ഛലത് കല്ലോല മാലയിൽച്ചാർത്തിയ*
*പച്ചപ്പതക്കമായിത്തോന്നാം''* എന്ന് തിരുനെല്ലൂർ റാണിയിൽ വർണ്ണിച്ച അഷ്ടമുടിക്കായലോരത്തെ ഗ്രാമ്യഭംഗിയുടെ പിൽക്കാല അവസ്ഥ മലയാളികളുടെ പ്രിയകവി കുരീപ്പുഴ വർണ്ണിക്കുന്നത്

*''കരിക്കും വെള്ളക്കയും പെയ്തൊഴിഞ്ഞ തെങ്ങിൽ*
*കരിഞ്ചെല്ലി കാവലേക്കും പാതിരാവത്ത്...*
*കടും പാറാൻ മധുവൂറ്റി തൊഴിച്ച തൊണ്ണാൻ..''* എന്നിങ്ങനെയാണ്.

*'അഴുക്ക തൊണ്ടിന്റെ പോള ഇരിഞ്ഞുവച്ച്*
*റാണി കിലുക്കത്തിൽ നടകൊള്ളും പൂ നിലാവത്ത്!*
ഉറക്കത്തിൽ ഉണരുന്നു തിരുനല്ലൂര്' എന്നിങ്ങനെ തിരുനെല്ലൂരിനേയും റാണിയേയും ഓർത്തെടുക്കുന്നുമുണ്ട് ഇഷ്ടമുടിക്കായൽ എന്ന ഈ കവിതയിൽ കുരീപ്പുഴ



സാമ്പ്രദായിക എഴുത്തുകാർക്കും ആധുനീക എഴുത്തുകാർക്കും മാത്രമല്ല അത്യന്താധുനീകർക്കും ബിംബങ്ങൾ ചമയ്ക്കാൻ തേങ്ങതന്നെ ശരണം.ചെറിയാൻ കെ ചെറിയാന്റെ തേങ്ങ എന്ന കവിത നോക്കൂ..

*''ഇത്ര പെരുത്തൊരു തേങ്ങ*
*ഇത്ര പൊക്കത്തിൽനിന്നു വീണിട്ടും*
*താൻ മരിച്ചില്ലല്ലോ എന്നോർത്ത്*
*ദേവസ്യയ്ക്കു ചിരി അടങ്ങാതെപോയി''*

അയുക്തി മൂലമുണ്ടാകുന്ന ഹാസ്യമാണ് ഈ കവിതയിൽ നാം കാണുന്നത്. വലിയൊരു തേങ്ങാവീണിട്ടും സ്വന്തം തലതകരാതെ തേങ്ങ തകരുന്നത് കണ്ട് പൊട്ടിപ്പൊട്ടി ചിരിച്ച നായകൻ ദേവസ്യ ഒടുവിൽ ചിരിച്ചു ചിരിച്ച് മരിക്കുമ്പോൾ വായനക്കാരനും ചിരിപൊട്ടും. കവിതയുടെ അന്ത്യത്തിൽ ' തലയിൽ തേങ്ങ വീണാൽ ചിരിക്കരുത്' എന്നൊരു ഗുണ







പാഠംകൂടി കൊരുത്തുവെക്കുന്നുണ്ട് കവി. ചെറിയാൻ കെ. ചെറിയാന്റെ 2004ൽ പുറത്തിറങ്ങിയ തിരഞ്ഞെടുത്ത കവിതകൾ എന്ന സമാഹാരത്തിലാണ് 'തേങ്ങ' ഈ കവിതയുള്ളത്. കവിതയുടെ സാമ്പ്രദായിക രൂപലാവണ്യങ്ങളെയെല്ലാം തിരസ്കരിക്കുന്ന ഈ കവിത. 12-ാം ക്ലാസ് പാഠാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്റെ അനുഭവങ്ങളാണ് എന്റെ കഥകൾ എന്ന് പറഞ്ഞ പി. വത്സലയുടെ തേനൂറുന്നൊരു കഥയാണ് തേങ്ങ. കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ വായിച്ച് ആസ്വദിക്കാൻ കഴിയുന്ന ഈ കഥ ആറാം ക്ലാസ് അടിസ്ഥാന പാഠാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ വായിച്ച് ആസ്വദിക്കാൻ കഴിയുന്ന കഥയാണ് ആറാം ക്ലാസ് അടിസ്ഥാനപാഠാവലിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പി. വത്സലയുടെ 'തേങ്ങ'. തമിഴ്നാട്ടിൽ നിന്നും ഇവിടെ വീട്ടുജോലിക്കെത്തുന്ന അക്കമ്മ എന്ന പെൺകുട്ടിയുടെ അതിലോലമായ മാനസിക ഭാവങ്ങൾ തെളിഞ്ഞ ഭാഷയിൽ കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. സ്വന്തം നാടും വീടും മാതാപിതാക്കളെയും ഉപേക്ഷിക്കേണ്ടിവന്നതിലുള്ള മാനസിക വ്യഥകൾക്കിടയിലും അവളുടെ സൗമ്യമായ സ്നേഹം ജോലി ചെയ്യുന്ന വീട്ടിലെ കുടുംബാംഗങ്ങളിലേക്കും പ്രകൃതിയിലേക്കും പടരുന്നത് നമുക്ക് കഥയിൽ നിന്നും വായിച്ചെടുക്കാം.

''കയർ എന്ന ഒരു നോവൽ കയർ കയർത്തൊഴിലാളികളുടെ നീണ്ട വർഗസമരത്തിന്റെ കഥയായിരിക്കുമെന്ന് പലരും ധരിച്ചതായി മനസിലാക്കാൻ കഴിഞ്ഞു. തപസ്യകൊണ്ട് രൂപം പ്രാപിക്കേണ്ട ഒന്നാംതരം കഥാവസ്തുവാണ് അത്. യാന്ത്രികമായിത്തന്നെ കുറേ ജോലികൾ ചെയ്യാനുണ്ട്. അങ്ങനെ ഒരു നോവൽ എഴുതണമെന്നുള്ള ആവേശം ഇന്നും എന്നിൽ കെട്ടടങ്ങിയിട്ടില്ല. ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്ത് അങ്ങനെ ഒരു നോവൽ എഴുതുവാൻ കഴിയുമാറാകട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. പഴയ കയറ്റു തൊഴിലാളികളുടെ വിവിധ പരിണാമദശകളും ഒരോഘട്ടങ്ങളും കേരളീയ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളും തൊഴിലാളി വർഗത്തിന്റെ വളർച്ചയുമെല്ലാമെല്ലാം ഉൾക്കൊണ്ട ഒരു ബൃഹത്തായ മനുഷ്യ ചരിത്രം എഴുതാൻ എനിക്കല്ലെങ്കിൽ ആർക്കെങ്കിലും കഴിയുമാറാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു'' കയറെന്ന ബൃഹത് നോവലിന്റെ മുഖവുരയിൽ വിശ്വസാഹിത്യകാരൻ കുറിച്ചിട്ട വരികളാണിവ. കേരളത്തിലുണ്ടായ സാമൂഹിക സാംസ്കാരിക മാറ്റങ്ങളും വികാസ പരിണാമങ്ങളും നാലു തലമുറക്കാലത്തെ കുട്ടനാടൻ ഗ്രാമജീവിതം കഥയിലൂടെ വരച്ചിടുകയാണ് തകഴി കയറെന്ന നോവലിൽ. അതിൽ കയർ ഇല്ല; കയർത്തൊഴിലാളിയും.

കയറു പിരിക്കും തൊഴിലാളികളുടെ ഉജ്വല സമരകഥ പറഞ്ഞ വയലാറിനേയും

*'ഇക്കയർ പണിയും*
*സോദരിമാരുടെ*
*ദുഃഖം പാടി നടപ്പൂ ഞാൻ* 'എന്നു എഴുതിയ ഇടശേരിയേയും സ്മരിച്ച് ഈ ഭാഗം അവസാനിപ്പിക്കാമെന്നു കരുതുകയാണ്.

*(തുടരും....)*

## ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 6 | Kannur | 8281009864 | 0497-2707108 | |
| 7 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 8 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 9 | Kottayam | 8281009857 | 0481-2303279 | |
| 10 | Kozhikkode | 8281009863 | 0495-2549105 | |
| 11 | Malappuram | 8281009862 | 0483-2731806 | |
| 12 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 13 | Nangyarkulangara | 8281009853 | 0479-2412219 | |
| 14 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 15 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 16 | Parippally | 8281009848 | 0474-2576111 | |
| 17 | Pathanamthitta | 8281009873 | | |
| 18 | Sulthan Bathery | 8281009865 | 04936-265607 | |
| 19 | Sreekariyam | | 9349109251 | |
| 20 | Thirur | 8281009861 | 0494-2421441 | |
| 21 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 22 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 23 | Cherthala | 9400725013 | | |
| 24 | Ahmedabad | 09028073347 | 079-22122858 | |
| 25 | Ajmeer | 08769233721 | 0145-2620607 | |
| 26 | Amaravathy | 09421739326 | 0721-2576304 | |
| 27 | Amritsar | 09958272064 | 0183-2557747 | |
| 28 | Bhavanagar | 9497757231 | 0278-2516620 | |
| 29 | Bhopal | 09303964488 | 0755-2745923 | |
| 30 | Calcutta | 09163342270 | 033-22353029 | |
| 31 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 32 | Delhi I | 09958272064 | 011-22544026 | |
| 33 | Delhi II | 09958272064 | | |
| 34 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 35 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 36 | Jabalpur | 09450159009- 07024347446 | | 0761-5007765 |
| 37 | Jaipur | 09950838171 | 0141-2319806 | |
| 38 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 39 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 40 | Ludhiana | 09958272064 | 0161-2728238 | |
| 41 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 42 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 43 | Siliguri | 07319562716 | 0353-2430407 | |
| 44 | Surat I | 9497757231 | 0261-2438673 | |
| 45 | Trichy | 09750125580 | 09750125580 | |
| 46 | Pandurna | 09422857737 | 0716-4220183 | |
| 47 | Chapra | 09939066693 | 08986369244 | |
| 48 | Warud | 09421739326 | 0722-9234223 | |



*പേരാമ്പ്ര ബ്ലോക്കുതല കയർ ഭൂവസ്ത്ര വിതാനത്തിന്റെ പുരോഗതി അവലോകന യോഗം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.പി. ബാബു ഉദ്ഘാടനം ചെയ്യുന്നു.*

# കയർഭൂവസ്ത്രത്തിന്റെ ഉപയോഗം സംബന്ധിച്ച് അവലോകന യോഗം നടത്തി

**ക**ഴിഞ്ഞ കയർ കേരളയിൽ ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൻ കീഴിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് 120 കോടിയോളം രൂപയുടെ കയർ ഭൂവസ്ത്ര വിനിയോഗത്തിനാണ് സംസ്ഥാന കയർ വകുപ്പും ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് മിഷനും പഞ്ചായത്തുകളും തമ്മിൽ ധാരണാ പത്രം ഒപ്പുവച്ചത്.

ഇതനുസരിച്ച് കാസർകോഡ്, കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ നാലു ജില്ലകളിൽ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിന് സർക്കാർ കയർഫെഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തുകൾ ആവശ്യപ്പെടുന്നതനുസരിച്ച് കയർഫെഡ് കയർ ഭൂവസ്ത്രം വിതരണം ചെയ്തു വരികയായിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കയർ ഭൂവസ്ത്രം വിപണനം വളരെ താഴ്ന്ന് പോകുകയും ചില ജില്ലകളിൽ പൂർണമായും പദ്ധതി മന്ദഗതിയിലാകുകയും ചെയ്തു. ഇത് കയർ വിപണനത്തെ സാരമായി ബാധിച്ചു.

ഈ സാഹചര്യത്തിലാണ് കയർ ഭൂവസ്ത്രത്തിന്റെ വ്യാപനം പരമാവധി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കയർഫെഡിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, ബാലുശേരി എന്നീ രണ്ടു ബ്ലോക്കു പഞ്ചായത്തിന്റെ കീഴിലുള്ള ഗ്രാമപഞ്ചായത്തുകളെ വിളിച്ചുകൂട്ടി പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുവാൻ കയർഫെഡ് ഭരണസമിതി തീരുമാനിച്ചത്.

# പേരാമ്പ്ര ബ്ലോക്കുതല അവലോകന യോഗം

**ക**യർഫെഡിന്റെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതികളിൽ, കയർഭൂവസ്ത്രത്തിന്റെ ഉപയോഗം സംബന്ധിച്ച് പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ ഒരുഅവലോകന യോഗം ഉള്ളിയേരി ഗ്രാമ പഞ്ചായത്ത് ഹാളിൽ വെച്ച് നടന്നു. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, എൻ.പി.ബാബു യോഗം ഉദ്ഘാടനം ചെയ്തു. പ്രസ്തുതയോഗത്തിൽ കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാർ അധ്യക്ഷത വഹിച്ചു. യോഗത്തിൽ പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെട്ട ഏഴ് ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കയർഫെഡ് ഡയറക്ടർമാർ, പഞ്ചായത്ത് ജനപ്രതിനിധികൾ, സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, ബ്ലോക്ക്വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബി.ഡി.ഒ, ജോയിന്റ് ബി.ഡി.ഒ., ബ്ലോക്കിലെ മറ്റ് ഉദ്യോഗസ്ഥർ, ജില്ലാ ജോയിന്റ് പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ, കയർഫെഡ് മാനേജിംഗ് ഡയറക്ടർ, ഉദ്യോഗസ്ഥർ, കയർ പ്രൊജക്റ്റ് ഓഫിസർ, പ്രൊജക്റ്റ് ഓഫിസ് ഉദ്യോഗസ്ഥർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

കയർ കേരള 2021 പ്രദർശനവുമായി ബന്ധപ്പെട്ട് പേരാമ്പ്ര ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകൾ ആകെ 1,27,944 ച. മീറ്റർ കയർ ഭൂവസ്ത്രം വാങ്ങുന്നതിനു ധാരണാപത്രം ഒപ്പിട്ടുവെങ്കിലും ഈ സാമ്പത്തിക വർഷം ആദ്യപകുതി പിന്നിടുമ്പോൾ ഒരു പഞ്ചായത്ത് പോലും ഓർഡറുകൾ നൽകിയില്ലായെന്നുള്ളത് ഗൗരവകരമാണെന്നു യോഗം വിലയിരുത്തി. ഇത് കയർ മേഖലയെ പ്രതിസന്ധിയിലേക്കു തള്ളിവിടും. ആയതിനാൽ തൊഴിലുറപ്പു പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി കയർ ഭൂവസ്ത്രം വാങ്ങണമെന്ന് പഞ്ചായത്ത് പ്രതിനിധികളോട് യോഗം അഭ്യർത്ഥിച്ചു.



ചടങ്ങിനുശേഷം നടന്ന അവലോകന യോഗത്തിൽ ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകൾ, ആകെ 66,000 ച.മീറ്റർ കയർ ഭൂവസ്ത്രത്തിനു ഓർഡർ നൽകാമെന്ന് ഉറപ്പുനൽകി.

*(പേജ് 22ൽ തുടരും...)*

## മീറ്റ് ദ മിനിസ്റ്റർ – ആലപ്പുഴ

# വ്യവസായ മന്ത്രി സംരംഭകർക്കിടയിലേക്ക്






*വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് ആലപ്പുഴയിൽ വ്യവസായികളുമായി മീറ്റ് ദ മിനിസ്റ്റർ പരിപാടിയിൽ സംവദിക്കുന്നു.*

# വ്യവസായ സൗഹൃദ ഇൻഡസ്ട്രിയൽ ക്ലിനിക്കുകൾ സ്ഥാപിക്കും: മന്ത്രി പി. രാജീവ്

വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാനായി ഇൻഡസ്ട്രിയൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് വ്യവസായ നിയമ കയർ മന്ത്രി പി. രാജീവ് പറഞ്ഞു.

ആലപ്പുഴയിൽ വ്യവസായ സംരംഭകരുമായുള്ള മുഖാമുഖം പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു മന്ത്രി. എം.എസ്.എം.ഇ.കൾ (മൈക്രോ സ്മോൾ ആൻഡ് മീഡിയം എന്റെർപ്രൈസ്സ്) അടക്കമുള്ള ചെറുകിട സംരംഭങ്ങൾക്ക് ഇത് ഏറെ ഗുണം ചെയ്യും. വ്യവസായങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചു പോകാനുള്ള മാർഗമായി ക്ലിനിക്കിനെ മാറ്റാൻ സാധിക്കും. സ്ഥാപനങ്ങളുടെ ലൈസൻസ് നേടുന്നതടക്കമുള്ള കാര്യങ്ങൾക്ക് സഹായമേകാൻ താലൂക്ക് തലത്തിൽ ഒരു ഫെസിലിറ്റേറ്ററെ നിയമിക്കുന്ന കാര്യവും വകുപ്പിന്റെ പരിഗണനയിലുണ്ടെന്ന് മന്ത്രി പറഞ്ഞു. വ്യവസായങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും നിർദ്ദേശങ്ങളും സംരംഭക പ്രതിനിധികൾ ചർച്ചയിൽ അവതരിപ്പിച്ചു. വൈദ്യുതി, സ്ഥാപനങ്ങളിലേക്കുള്ള വഴികളുടെ പോരായ്മകൾ, വ്യവസായ സംരംഭകരോടുള്ള സമൂഹത്തിന്റെ പൊതുബോധത്തിന്റെ പോരായ്മകൾ തുടങ്ങിയ പ്രശ്നങ്ങളാണ് സംരംഭകർ ഉന്നയിച്ചത്. ലേബർ ഓഫീസറുടെ അടിക്കടിയുള്ള മാറ്റവും ലേബർ കോർട്ടിന്റെ ആവശ്യകതയും മുഖാമുഖത്തിൽ ചർച്ചയായി.

സർക്കാരിന്റെ പൂർണ പിന്തുണ സംരംഭകർക്ക് ലഭിക്കുമെന്ന് മറുപടിയായി മന്ത്രി ഉറപ്പ് നൽകി. സർക്കാരിനോടൊപ്പം സംരംഭകരും തൊഴിലാളികളും പൊതുസമൂഹവും ഒരേ മനസോടെ നിന്നെങ്കിൽ മാത്രമേ വ്യവസായ മേഖലയിൽ പൂർണവിജയം കൈവരിക്കാൻ സാധിക്കൂവെന്നും മന്ത്രി പറഞ്ഞു. കയർ വകുപ്പിന്റെ ചുമതലയുള്ള പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ, കെ.എസ്.ഐ.ഡി.സി. എം.ഡി. എം. ജി. രാജമാണിക്യം, വ്യവസായ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, കയർ വികസന ഡയറക്ടർ വി. ആർ. വിനോദ്, വിവിധ ഇൻഡസ്ട്രിയൽ അസോസിയേഷൻ, എം.എസ്.എം.ഇ. സംരംഭക പ്രതിനിധികൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.



# വ്യവസായ മേഖലയിൽ സംരംഭകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കും: മന്ത്രി പി. രാജീവ്

വ്യവസായ മേഖലയിൽ സംരംഭകർക്ക് അനുകൂലമായ അന്തരീക്ഷം ഒരുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. നാടിന്റെ സവിശേഷതകളെ നിലനിർത്തിക്കൊണ്ട് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുമെന്നും ആലപ്പുഴയിൽ സംഘടിപ്പിച്ച മീറ്റ് ദി മിനിസ്റ്റർ പരിപാടിക്ക് ശേഷം നടന്ന വാർത്താ സമ്മേളനത്തിൽ മന്ത്രി പറഞ്ഞു. ഉത്തരവാദിത്വ നിക്ഷേപം - ഉത്തരവാദിത്വ വ്യവസായം എന്ന ആശയമാണ് സർക്കാർ മുന്നോട്ട് വെക്കുന്നത്. ഇതിനോട് നല്ല പ്രതികരണമാണ് സംരംഭകരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത്.

വ്യവസായ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന ജില്ലയാണ് ആലപ്പുഴ. മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ കുറഞ്ഞ തോതിലുള്ള പരാതികൾ ലഭിച്ചത് ഇതിന് തെളിവാണ്. എം.എസ്.എം.ഇ. സംരംഭങ്ങളോട് ജില്ലയിൽ മികച്ച പ്രതികരണമാണ് ലഭിക്കുന്നത്. സംസ്ഥാനത്താകെയുള്ള 1,46,000 എം.എസ്.എം.ഇ.കളിൽ 9684 എണ്ണം ജില്ലയിലാണ്. ഇതിലൂടെ 1124 കോടി രൂപയുടെ നിക്ഷേപമാണുള്ളത്. 54,685 പേർക്ക് തൊഴിൽ നൽകാനും ഇതിലൂടെ സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി 282 എം.എസ്.എം.ഇ. യൂണിറ്റുകളാണ് ആരംഭിച്ചത്.

ഇതിലൂടെ 8.76 കോടി രൂപയുടെ നിക്ഷേപം ഉറപ്പാക്കാനും 1047 പേർക്ക് പുതിയതായി തൊഴിൽ നൽകാനുമായത് ജില്ലയിലെ വ്യവസായ മേഖലയുടെ നേട്ടമാണ്. ജില്ലയിലെ തൊഴിലാളി സമൂഹവും വ്യവസായ സ്ഥാപനങ്ങളുടെ ഉയർച്ചയിൽ വലിയ പിന്തുണയാണ് നൽകുന്നത്. തൊഴിൽ തർക്കങ്ങൾ ചർച്ചകളിലൂടെ പരിഹരിച്ചു മുന്നോട്ട് പോകണം. നോക്കുകൂലി എന്നത് ഒരിക്കലും തൊഴിൽ തർക്കമായി കാണാൻ കഴിയുന്ന ഒന്നല്ല. ഇത് നിയമവിരുദ്ധമായ പിടിച്ചുപറിയാണെന്നും അത്തരത്തിലുള്ള പ്രവണതകൾ ഒഴിവാക്കപ്പെടണമെന്നും മന്ത്രി പറഞ്ഞു.

തൊഴിലാളികളെ കൂടെ വിശ്വാസത്തിൽ എടുത്ത് ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ എല്ലാ വ്യവസായ മേഖലകളും ശ്രമിക്കണം. മേഖലകളുടെ വ്യത്യാസമില്ലാതെ പാരമ്പരാഗത, പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഇതായിരിക്കണം പ്രവർത്തികമാക്കേണ്ടത്. കെ.എസ്.ഐ.ഡി.സി, സിഡ്കോ, കിൻഫ്ര, ജില്ലാ വ്യവസായ കേന്ദ്രം തുടങ്ങിയവയ്ക്ക് കീഴിലാണ് വ്യവസായ പാർക്കുകൾ പ്രവർത്തിക്കുന്നത്. ഇവിടങ്ങളിൽ വ്യവസായം ആരംഭിക്കുന്നതിന് സ്ഥലം നൽകുന്ന നടപടികൾ ലളിതവത്കരിച്ച് വ്യവസായ പാർക്കുകളുടെ സാദ്ധ്യതകൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ ഉണ്ടാവും. സ്വകാര്യ മേഖലയിലെ വ്യവസായ പാർക്ക് സംരംഭങ്ങൾക്കും പൂർണപിന്തുണയാണ് സർക്കാർ നൽകുന്നത്. കയർ മേഖലയിലെ രണ്ടാം പുനർസംഘടനയിലൂടെ ജില്ലയിലെ പാരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തെ മികച്ച നിലയിലേക്ക് എത്തിക്കാനായി. തൊഴിൽ നഷ്ടപ്പെടാതെയുള്ള ആധുനികവത്കരണത്തിലൂടെ കയർ ഉത്പാദനം വർദ്ധിപ്പിക്കാനായത് വലിയ നേട്ടമാണ്.

ജില്ലയിലെ കെൽട്രോൺ യൂണിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടികൾ ഉണ്ടാവും. ജില്ലയിലെ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനം ഉടൻ നടത്തും. എക്സൽ ഗ്ലാസ് ഫാക്ടറിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ നിന്നും സാധ്യമായതെല്ലാം ചെയ്യും. നിലവിലെ വ്യവസായ സംരംഭങ്ങൾക്ക് വേണ്ട പിന്തുണ നൽകുകയും പൊതുമേഖല സ്ഥാപനങ്ങളെ നിലവിലെ വെല്ലുവിളികൾ നേരിടുന്ന രീതിയിൽ ശക്തിപ്പെടുത്താനുമാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കയർ-കശുവണ്ടി വ്യവസായങ്ങളുടെ ചുമതല വഹിക്കുന്ന പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ, വ്യവസായ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

*(പേജ് 19ൽ നിന്നും തുടർച്ച)*



*ബാലുശേരി ബ്ലോക്ക് തല കയർ ഭൂവസ്ത്ര വിതാനത്തിന്റെ പുരോഗതി അവലോകന യോഗം ബാലുശേരി എം.എൽ.എ കെ.എം. സച്ചിൻദേവ് ഉദ്ഘാടനം ചെയ്യുന്നു.*

# ബാലുശേരി ബ്ലോക്കുതല അവലോകന യോഗം

**ക**യർഫെഡിന്റെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതികളിൽ, കയർഭൂവസ്ത്രത്തിന്റെ ഉപയോഗം സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ ബാലുശേരി ബ്ലോക്കിൽ ഉൾപ്പെട്ട പഞ്ചായത്തുകളുടെ അവലോകന യോഗം ഉള്ളിയേരി ഗ്രാമ പഞ്ചായത്ത് ഹാളിൽ നടന്നു.

ബാലുശേരി എം.എൽ.എ കെ.എം. സച്ചിൻദേവ് യോഗം ഉദ്ഘാടനം ചെയ്തു. കയർഫെഡ് പ്രസിഡന്റ്, അഡ്വ. എൻ.സായികുമാർ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.കെ. അനിത മുഖ്യപ്രഭാഷണം നടത്തി. യോഗത്തിൽ ബാലുശേരി ബ്ലോക്കിൽ ഉൾപ്പെട്ട ഏഴ് പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ ആശംസകൾ അർപ്പിച്ചു.

കയർഫെഡ് ഡയറക്ടർമാർ, പഞ്ചായത്ത് ജനപ്രതിനിധികൾ, സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, ബ്ലോക്ക്‌വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബി.ഡി.ഒ, ജോയിന്റ് ബി.ഡി.ഒ., ബ്ലോക്കിലെ മറ്റ് ഉദ്യോഗസ്ഥർ, ജില്ലാജോയിന്റ് പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ, കയർഫെഡ് മാനേജിംഗ് ഡയറക്ടർ, ഉദ്യോഗസ്ഥർ, കയർ പ്രൊജക്റ്റ് ഓഫിസർ, പ്രൊജക്റ്റ് ഓഫിസ് ഉദ്യോഗസ്ഥർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

കയർ കേരള 2021 പ്രദർശനവുമായി ബന്ധപ്പെട്ട് ബാലുശേരി ബ്ലോക്കിലെ 7 പഞ്ചായത്തുകൾ ആകെ 1,52,863 ച.മീറ്റർ കയർഭൂവസ്ത്രം വാങ്ങുന്നതിനു ധാരണാപത്രം ഒപ്പിട്ടുവെങ്കിലും ഈ സാമ്പത്തിക വർഷം 6 മാസം പിന്നിടുമ്പോൾ ഒരു പഞ്ചായത്ത് പോലും ഓർഡറുകൾ നൽകിയില്ലായെന്നുള്ളത് ഗൗരവകരമാണെന്നു യോഗം വിലയിരുത്തി. ഇത് കയർ മേഖലയെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ തൊഴിലുറപ്പു പദ്ധതികളിൽ ഉൾപ്പെടുത്തി പരമാവധി കയർ ഭൂവസ്ത്രം വാങ്ങി വിനിയോഗിക്കണമെന്ന് പഞ്ചായത്ത് പ്രതിനിധികളോട് യോഗം അഭ്യർത്ഥിച്ചു.

ചടങ്ങിനു ശേഷം നടന്ന അവലോകന യോഗത്തിൽ, ബ്ലോക്കിലെ ഒന്നൊഴികെയുള്ള ബാക്കി ആറ് ഗ്രാമ പഞ്ചായത്തുകൾ ആകെ 27,000 ച.മീറ്റർ കയർ ഭൂവസ്ത്രത്തിനു ഓർഡർ നൽകാമെന്ന് ഉറപ്പുനൽകി.





നാസർ ഇബ്രാഹിം

# മറ പിടിക്കാത്തത്

വേരിൽ
മണ്ണിൻചിറകുകളെ
ഒളിപ്പിക്കുന്ന
മരം
കിളുന്തിലനിഴൽ കൊണ്ട്
വിളറിയ സൂര്യനെപ്പോലും
ഒരിക്കലും
മറയ്ക്കാൻ
ശ്രമിക്കാറില്ല.

# മഴവില്ല്

നിരന്തരം
മുറിവേൽക്കുന്ന
പ്രകാശത്തിന് മാത്രമേ
ഒറ്റ മഴവില്ലിൻ
കുഞ്ഞുങ്ങളെ
പ്രസവിക്കാൻ
കഴിയുകയുള്ളൂ.

# കുട്ടിക്കുപ്പായം

മഴയിൽ
ഉണക്കിയെടുത്ത്
വെയിലത്ത്
നനക്കാനിടുന്ന
കീറിയ
കുട്ടിക്കുപ്പായങ്ങൾ
കാലം തെറ്റി നീളുന്ന
ചിന്നിയ അഴയിൽമാത്രം
കഴുത്തളവ്
വെളിപ്പെടുത്തുന്നു









# ടി.വി. തോമസ്: സമര – ഭരണങ്ങളിലെ ധീരനേതൃത്വം



ടി.കെ. അനിൽകുമാർ
ബ്യൂറോ ചീഫ്
ജനയുഗം, ആലപ്പുഴ

**രാ**ഷ്ട്രീയ കേരളത്തിന്റെ ഗതിവിഗതികളെ നിർണയിക്കുന്നതിൽ ഗണ്യമായ സ്വാധീനം ചെലുത്തിയവരായിരിന്നു ആലപ്പുഴയിലെ കയർ തൊഴിലാളികൾ. ആദ്യമായി ഒരു തൊഴിലാളി സംഘടന രജിസ്റ്റർ ചെയ്ത ആലപ്പുഴയെ ചുവപ്പിൽ മുക്കിയ സമരങ്ങളും നിരവധി. ലോകം അടയാളപ്പെടുത്തിയ പുന്നപ്ര-വയലാർ ഉൾപ്പടെയുള്ള സമരങ്ങളുടെ മുന്നണിപോരാളികളും കയർ തൊഴിലാളികൾ ആയിരുന്നു. അങ്ങനെ വർഗസമരങ്ങളിലൂടെ ആലപ്പുഴയിലെ കയർതൊഴിലാളികൾ ഇതിഹാസങ്ങൾ രചിച്ചു. കയർ തൊഴിലാളികളെ അടിമകളെ പോലെ കണ്ടകാലം. ടി.വി.തോമസിന്റെ സാന്നിധ്യം അവരുടെ മനസിലേക്ക് വിപ്ലവ ജ്വാല പടർത്തി. ക്രാന്തദർശിയായ അദ്ദേഹത്തിന്റെ ജീവിതം അത്രയേറെ കയറുമായി ഇഴചേർന്നതായിരുന്നു.



1859ൽ  ആദ്യത്തെ കയർ ഫാക്ടറി ബ്രിട്ടീഷുകാരനായ ജെയിംസ് ഡാറ സ്ഥാപിച്ചതിന്റെ ചുവടുപിടിച്ച് ഒട്ടേറെ കമ്പനികൾ ആലപ്പുഴയിൽ രൂപം കൊണ്ടു. രാപകൽഭേദമന്യേ തൊഴിൽ ശാലകളിലേക്ക് ഘോഷയാത്രപോലെ ഇഴഞ്ഞു നീങ്ങുന്ന കയർ തൊഴിലാളികൾ ആലപ്പുഴയിലെ പതിവ് കാഴ്ചയായിരുന്നു. ഒരു ദിവസം 14 മണിക്കൂറിലേറെ ആയിരുന്നു അവരുടെ ജോലി സമയം. കൂലി പണമായും നൽകില്ല. ഉറക്കെ ചിരിച്ചാൽ, മിണ്ടിയാൽ ഒരു മൂളിപ്പാട്ട് പാടിയാൽ പോലും തൊഴിലാളികൾ പിഴ ഒടുക്കേണ്ട കാലം.

തിരുവിതാംകൂറിന്റെ സാമൂഹ്യ അവസ്ഥ ബോധ്യമായ പി. കൃഷ്ണ പിള്ളയാണ് ആലപ്പുഴയിലെ തൊഴിലാളികളെ സംഘടിപ്പിക്കാൻ ടി.വി. തോമസിനെ ചുമതലപ്പെടുത്തിയത്. തൊഴിലാളികളെ അടുത്തറിഞ്ഞ കൃഷ്ണ പിള്ളക്ക് അത്രയേറെ ഉത്തമ ബോധ്യമുണ്ടായിരുന്നു അവരുടെ മനസിൽ ടി.വി. തോമസിനുണ്ടായിരുന്ന സ്വാധീനം. സർ സി.പി.യുടെയും പട്ടാളത്തിന്റെയുംമുന്നിൽ 'പുന്നപ്രവയലാർസമരത്തിന്റെഎല്ലാഉത്തരവാദിത്വങ്ങളും



ഞാൻ ഏറ്റെടുക്കുന്നു' എന്ന് പറഞ്ഞു നെഞ്ച് വിരിച്ച് ആലപ്പുഴ പട്ടണത്തിലൂടെ നടന്നകന്ന ടി.വി.യുടെ ചിത്രം പഴമക്കാരുടെ മനസിൽ ഇപ്പോഴുമുണ്ട്.

നാൽപതിനായിരത്തിന് മുകളിൽ അംഗങ്ങളുള്ള തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ പ്രസിഡന്റായിരുന്നു അന്ന് ടി.വി. കയർ മേഖലയിലെ തൊഴിൽ തർക്കങ്ങളുടെ കുരുക്കഴിക്കുന്നതിലുള്ള വൈദഗ്ധ്യവും ടി.വി.യുടെ സവിശേഷതയായിരുന്നു. അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസിന്റെ പ്രസിഡന്റായിരുന്ന കാലത്ത് ടി.വി. യുടെ കർമ്മ കുശലതയിൽ പ്രാവർത്തികമായ പല ആശയങ്ങളും തൊഴിലാളികൾക്ക് പിൽക്കാലത്തും മുതൽകൂട്ടായത് ചരിത്രം. 1946 ൽ ചേർന്ന സംഘടനയുടെ വാർഷിക സമ്മേളനം ഒരു വ്യവസായ സ്ഥാപനത്തിന് ലാഭമായാലും നഷ്ടമായാലും വാർഷിക വരുമാനത്തിന്റെ നാല് ശതമാനം തൊഴിലാളികൾക്ക് ബോണസായി നൽകണമെന്ന് ആവശ്യപ്പെട്ടു. ടി.വി. യുടെ മുൻകൈയിലായിരിന്നു ഈ നിർദ്ദേശം വന്നത്. പിന്നീട് തൊഴിൽ, വ്യവസായ മന്ത്രിയായിരുന്ന ടി.വി. നടപ്പാക്കിയ പല പദ്ധതികളും കയർ തൊഴിലാളികളുടെ കണ്ണീരൊപ്പുന്നതായി.

കയർ വ്യവസായത്തിന്റെ പുനഃരുദ്ധാരണത്തിനായികൊണ്ടുവന്ന 50 കോടി രൂപയുടെ നിക്ഷേപമുള്ള ബൃഹത് പദ്ധതി ആ മേഖലയിൽ സൃഷ്ടിച്ച മാറ്റങ്ങൾ ചെറുതല്ല. പിന്നീട് ടി.വി. പദ്ധതി എന്ന പേരിൽ അത് അറിയപ്പെട്ടു. കേരള പിറവിക്ക് മുൻപ് കയർ തൊഴിലാളികളെ ആലപ്പുഴയിൽ കുടിയിറക്കിയപ്പോൾ ടി.വി.യുടെ നേതൃത്വത്തിൽ നടന്ന സമരവും ചരിത്രത്തിലിടംനേടി. 1957ൽ ആദ്യ കമ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ കുടിയൊഴിപ്പിക്കൽ നിരോധിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയത് ഈ സംഭവത്തിന്റെ കൂടി തുടർച്ചയായിട്ട് ആയിരുന്നു. 1968 കാലത്ത് കയർ മേഖലയിൽ സംഘർഷം പതിവായിയിരുന്നു. ഇത് പരിഹരിക്കാൻ സർക്കാർ ഒരു കയർ വികസന പദ്ധതിക്ക് രൂപം നൽകി. വ്യവസായ മന്ത്രിയായിരുന്ന ടി.വി. തോമസായിരുന്നു ആ പദ്ധതിയുടെ മുഖ്യ ശിൽപി.

പിന്നീട് ആ കയർ പുനഃസംഘടന പദ്ധതി ടി.വി. തോമസിന്റെ പേരിൽ കാലം അടയാളപ്പെടുത്തി. തൊണ്ടു സംഭരണം, കയറുപിരി, ഉത്പന്ന നിർമ്മാണം, വിപണനം, തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ എന്നിവയെല്ലാം സ്പർശിച്ചുകൊണ്ടുള്ളതായിരുന്നു പദ്ധതി. സഹകരണ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുക എന്നതായിരുന്നു അതിന്റെ മുഖ്യലക്ഷ്യം. 600 ഓളം വരുന്ന കയർ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഊർജ്ജം നൽകാനുള്ള നിരവധി പദ്ധതികൾക്കൊപ്പം സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ നേരിട്ട് സംഭരിക്കുന്നതിനായി കയർഫെഡ് എന്ന പൊതുമേഖലാ സ്ഥാപനവും അത് വിഭാവനം ചെയ്തു. ഇതിന്റെ ഭാഗമായാണ് ഉത്പാദന ചെലവിനനുസരിച്ച് വില നൽകി കയർ ഉത്പന്നങ്ങൾ തൊഴിലാളികളിൽ നിന്നും സംഭരിച്ച് വിപണി കണ്ടെത്താനായി 1969-ൽ കയർ കോർപറേഷൻ രൂപീകരിക്കപ്പെട്ടത്.

തന്റെ ത്യാഗപൂർണമായ പ്രവർത്തനങ്ങൾകൊണ്ടും പകരം വെക്കാനില്ലാത്ത ഭരണ മികവുകൊണ്ടും കയർത്തൊഴിലാളികളുടെ ഹൃദയത്തിൽ വിച്ഛേദിക്കാനാവാത്ത വിധം ഉരുകി ചേർന്ന ടി.വി. എന്ന ദ്വയാക്ഷരം 1977, മാർച്ച് 26ന് കലയവനികക്കുള്ളിൽ മറഞ്ഞു. എങ്കിലും അദ്ദേഹം വിഭാവനം ചെയ്തുപോലെ, കോഴിക്കോട്, കൊച്ചി, ആലപ്പുഴ, കൊല്ലം എന്നിവിടങ്ങളിലായി പ്രവർത്തിച്ചു വന്നിരുന്ന നാല് കയർ കേന്ദ്ര മാർക്കറ്റിംഗ് സൊസൈറ്റികളെ സംയോജിപ്പിച്ചുകൊണ്ട് കയർഫെഡും, ഉത്പന്നവൈവിധ്യത്തെ പോത്സാഹിപ്പിക്കാനായി ഫോംമാറ്റിംഗ്സും 1979-ൽ സ്ഥാപിക്കപ്പെട്ടു. കയർ വ്യവസായത്തിന്റെ പരിഷ്ക്കരണത്തിനും വളർച്ചക്കുമൊക്കെ വഴിയൊരുക്കിയ ആ സ്ഥാപനങ്ങൾ ടി.വി.യുടെ നിത്യസ്മാരകങ്ങളായി നിലകൊള്ളുന്നു.



# സെപ്റ്റംബർ 2
# ലോക നാളികേര ദിനം



**സെ**പ്റ്റംബർ 2 ലോക നാളികേര ദിനമാണ്. നമ്മുടെ നാടിന് ലഭിച്ച ഒരു വരദാനമാണ് കേരവൃക്ഷം. നാളികേരം മാത്രമല്ല ആ വൃക്ഷം പൂർണമായും മനുഷ്യന് പ്രയോജനപ്രദമാണ്. എന്നാൽ ഇന്ന് കേരളത്തിലെ നാളികേര കർഷകർ വേണ്ടത്ര രീതിയിൽ തെങ്ങിനെ പരിപാലിക്കുന്നില്ല. വെട്ടിമാറ്റപ്പെടുന്ന തെങ്ങുകൾക്ക് പകരം തൈ നടുന്ന രീതിയും പലയിടങ്ങളിലും അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുന്നു.

ഭക്ഷണം, ഇന്ധനം, മരുന്ന്, സൗന്ദര്യവർദ്ധക വസ്തുക്കൾ, നിർമ്മാണ സാമഗ്രികൾ എന്നിവയെല്ലാമായി നാം തെങ്ങിനെ പ്രയോജനപ്പെടുത്തുന്നതിനാൽ പലപ്പോഴും ഇതിനെ 'ജീവന്റെ വൃക്ഷം' എന്ന് വിളിക്കുന്നു. നാളികേരത്തിന്റെ ഉപയോഗവും സമൂഹത്തിൽ അതിന്റെ സ്വാധീനവും ഉയർത്തിക്കാട്ടുന്നതിനായി, 2009 സെപ്റ്റംബർ രണ്ടിനാണ് ഏഷ്യാ പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റി (എ.പി.സി.സി.) ആദ്യത്തെ ലോക നാളികേര ദിനം ആഘോഷിച്ചത്.

ലോകത്തെ രക്ഷിക്കാൻ നാളികേരത്തിൽ നിക്ഷേപിക്കൂ' എന്നതായിരുന്നു ഇത്തവണത്തെ നാളീകേരദിന സന്ദേശം. വിശപ്പു രഹിത ലോകത്തെ സൃഷ്ടിക്കാൻ കൂടിയാണ് ഇക്കൊല്ലത്തെ ദിനാചരണം. കോവിഡ് മഹാമാരി കണക്കിലെടുത്ത്, 2021 ലെ ലോക നാളികേര ദിനത്തിന്റെ പ്രമേയം – 'കോവിഡ്–19 മഹാമാരിയിലും അതിനുശേഷവും സുരക്ഷിതവും സമഗ്രവും സുസ്ഥിരവുമായ നാളികേര സമൂഹം കെട്ടിപ്പടുക്കുക' എന്നതാണ്.

ഇന്ത്യയിലെ നാളികേര ഉത്പാദനം പലർക്കും വലിയ തൊഴിലവസരങ്ങൾ നേടിക്കൊടുക്കുന്നു എന്ന വസ്തുത അവഗണിക്കാൻ കഴിയില്ല. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തും തെക്കൻ മേഖലയിലും ഏറെ പ്രചാരമുള്ള നാളീകേരത്തിന്, ജനങ്ങളുടെ ആഹാര രീതിയിലും പരമ്പരാഗത ആചാരങ്ങളിലും പാരമ്പര്യങ്ങളിലും പ്രത്യേക സ്ഥാനമുണ്ട്. എല്ലാ ഉത്സവങ്ങളിലും ആഘോഷവേളകളിലും ഒരു നല്ല തുടക്കം നൽകുന്നു എന്ന ചിന്തയോടെ തേങ്ങയുടച്ച് ചടങ്ങുകൾ തുടങ്ങുന്നു. ലോകത്തിലെ നാളികേര വിതരണത്തിന്റെ ഒരു പ്രധാന ഭാഗം, ഏകദേശം 75 ശതമാനവും ഉത്പാദിപ്പിക്കുന്നത് ഇന്തോനേഷ്യ, ഫിലിപ്പീൻസ്, ഇന്ത്യ എന്നീ രാജ്യങ്ങൾ ചേർന്നാണ്.

നിരവധി രാജ്യങ്ങളിൽ, ബോധവത്കരണ പ്രചാരണങ്ങളും ഉയർത്തിക്കൊണ്ടാണ് ഈ ദിനം കടന്നു പോയത്. നാളികേരത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അതിന്റെ ഉപയോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനുമായി സെമിനാറുകൾ സംഘടിപ്പിച്ചു. പല കർഷകരും ബിസിനസുകാരും ഇത്തരം പരിപാടികളിലേക്കെത്തി നാളികേര ഉത്പാദനത്തെക്കുറിച്ചുള്ള അവരുടെ ആശയങ്ങൾ കൈമാറി. ഇന്ത്യയിൽ, നാളികേര വികസന ബോർഡിന്റെ (സി.ഡി.ബി.) പിന്തുണയോടെ, കേരളം, തമിഴ്നാട്, കർണാടക, ഗോവ, പശ്ചിമ ബംഗാൾ, ആന്ധ്രാപ്രദേശ്, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ ദിനം ആഘോഷിക്കപ്പെടുന്നു.

ഇന്ത്യയിൽ പ്രതിവർഷം ഉത്പാദിപ്പിക്കുന്ന നാളീകേരം 21,308.41 ദശലക്ഷമാണ്. ഒരു ഹെക്ടറിൽ 9,898 നാളീകേരം ലഭിക്കുന്നുവെന്നാണ് കണക്കാക്കുന്നത്. കേരളത്തിലെ വാർഷിക ഉത്പാദനം



5,230 ദശലക്ഷം നാളീകേരവും. ഒരു ഹെക്ടറിൽ 6,859 നാളീകേരവുമാണ്. ലോകത്ത് ഏറ്റവുമധികം നാളികേരം ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. രാജ്യത്ത് ഏറ്റവും കൂടുതൽ നാളികേരം ഉത്പാദിപ്പിക്കുന്ന താകട്ടെ നാളികേരത്തിന്റെ നാടായ കേരളവും. മലയാളിയുടെ ജീവിതത്തിന്റെ അഭിഭാജ്യഘടകമാണ് നാളികേരം. ഭക്ഷണമായി, വരുമാനമായി, ആചാരാനുഷ്ഠാനങ്ങളിലെ അഭിവാജ്യ ഘടകമായി ഒക്കെ നാളികേരം നിറഞ്ഞു നിൽക്കുന്നു

പനവർഗത്തിൽ പെടുന്ന ശാഖകളില്ലാതെ വളരുന്ന ഒരു ഒറ്റത്തടി വൃക്ഷമാണ് തെങ്ങ് (Cocos nucifera) അഥവാ കേരവൃക്ഷം. തീരപ്രദേശങ്ങളിലാണ് സാധാരണയായി വളരുന്നത്. 18 മുതൽ 20 മീറ്റർ വരെയാണ് ശരാശരി ഉയരം 30 മീറ്ററോളം വളരുന്ന തെങ്ങുകളും അപൂർവ്വമല്ല.

സംസ്കൃതത്തിൽ 'ശ്രീഫലം' എന്നും അറിയപ്പെടുന്ന തെങ്ങ്, ഈന്തപ്പന കുടുംബത്തിലെ (അറേകാസി) അംഗമാണ്. കൂടാതെ കൊക്കോസ് ജനുസിലെ ഏക ജീവജാലവുമാണ് ഇത്. 'തല' അല്ലെങ്കിൽ 'തലയോട്ടി' എന്ന പഴയ പോർച്ചുഗീസ് വാക്കിൽ നിന്നാണ് ഇതിന്റെ പേര് ഉരുത്തിരിഞ്ഞത്. കാരണം തെങ്ങിന്റെ ചിരട്ട ഒരു മനുഷ്യന്റെ മുഖത്തോട് സാമ്യമുള്ളതാണ്. തെങ്ങുപോലെ ആദായമുള്ള ഒരു വൃക്ഷമില്ല. ഒരു തെങ്ങു നട്ടാൽ കുറഞ്ഞത് 100 വർഷം തികച്ചും ആദായം കിട്ടും. തെങ്ങിന്റെ എല്ലാ ഭാഗവും ഉപയോഗപ്രദമാണ്. അതുകൊണ്ടാണ് തെങ്ങിന് കൽപവൃക്ഷം എന്നു പേരു കിട്ടിയത്. തെങ്ങിന്റെ ഫലമാണ് തേങ്ങ. തെക്കു നിന്ന് വന്ന കായ എന്നർത്ഥത്തിൽ തെങ്കായ് ആണ് തേങ്ങ ആയി മാറിയത്. തേങ്ങയുണ്ടാകുന്ന മരം തെങ്ങുമായി.

വളരെ വൈവിധ്യമുള്ള പ്രദേശങ്ങളിലും കാലാവസ്ഥാമേഖലകളിലും അനായാസം വളരാൻ തെങ്ങിനു കഴിയും. എങ്കിലും ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് തെങ്ങ് നന്നായി വളരുന്നത്. തെങ്ങിന്റെ വളർച്ചയ്ക്കു യോജിച്ച ഊഷ്മാവ് 270 സെൽഷ്യസ് ആണ്. സമുദ്രനിരപ്പിൽനിന്നും 1000 മീറ്റർ ഉയരംവരെയുള്ള സ്ഥലങ്ങളിൽ തെങ്ങുകൃഷി ചെയ്യാവുന്നതാണ്. ശാസ്ത്രീയ കേരകൃഷിക്ക് അനുയോജ്യമായത് നല്ല നീർവാർച്ചയും 1.5 മീറ്റർ എങ്കിലും താഴ്ചയുമുള്ള മണ്ണാണ്. അടിവശത്ത് പാറക്കെട്ടുള്ളതോ വളരെ താഴ്ന്ന വെള്ളക്കെട്ടുള്ള സ്ഥലങ്ങളോ കനത്ത ചെളി മണ്ണോ തെങ്ങിനു നന്നല്ല. എന്നാൽ ഒന്നിടവിട്ട് ചെളിമണ്ണും മണൽമണ്ണും ഇട്ട് വെള്ളക്കെട്ടിൽനിന്നും വീണ്ടെടുത്ത പ്രദേശങ്ങളിലും തെങ്ങുകൃഷി ചെയ്യാവുന്നതാണ്.

പ്രകൃതിയിലെ ഏറ്റവും വൈവിധ്യമാർന്ന ഫലവർഗങ്ങളിലൊന്നാണ് നാളികേരം. സാമ്പത്തിക നേട്ടങ്ങൾക്കൊപ്പം അതിന്റെ ആരോഗ്യ സവിശേഷതകളും ഏറെ ശ്രദ്ധേയമാണ്. ഒട്ടും മായം കലരാത്ത പ്രകൃതിയുടെ ഗ്ലൂക്കോസ് പാനീയമാണ് ഇളനീർ. ഇതിനെ സ്പോർട്സ് ഡ്രിങ്ക് എന്നു വിളിക്കുന്നു. പല രോഗങ്ങൾക്കും ഡോക്ടർമാർ കരിക്കിൻവെള്ളം നിർദേശിക്കാറുണ്ട്. ദാഹം തീർക്കാനും ക്ഷീണമകറ്റാനും കഴിവുള്ള കരിക്കിൻ വെള്ളം, ധാരാളം പോഷകങ്ങൾ അടങ്ങിയതാണ്. സംസ്കരിച്ച ഇളനീർ ഇന്ന് ടിന്നുകളിലാക്കിയും വിൽക്കുന്നുണ്ട്. വേനൽക്കാലത്ത് ചൂടിനെ ചെറുക്കാൻ പറ്റിയ ഒരു പാനീയമാണ് കരിക്കിൻ വെള്ളം. തേങ്ങാവെള്ളത്തിന് ഏറെ ഔഷധ ഗുണങ്ങളുണ്ട്, പ്രത്യേകിച്ച് ഗർഭിണികൾക്ക്. ഇലക്ട്രോലൈറ്റുകളുടെയും ലോറിക് ആസിഡിന്റെയും ഒരു പ്രധാന സ്രോതസ്സാണ് തേങ്ങാവെള്ളം. അതിൽ ആന്റി ഓക്സിഡന്റുകളും ആന്റി ബാക്ടീരിയൽ ഗുണങ്ങളും അടങ്ങിയിരിക്കുന്നു. ഭക്ഷണത്തിന് മാത്രമല്ല, ചൂലുകളും കൊട്ടകളും നെയ്ത്ത് പായകളും ഉണ്ടാക്കുന്നതുപോലുള്ള നിരവധി വ്യാവസായിക ആവശ്യങ്ങൾക്കും തെങ്ങ് ഉപകരിക്കുന്നു. 80-ലധികം രാജ്യങ്ങളിൽ തേങ്ങ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ആഗോളതലത്തിൽ തേങ്ങ ഉത്പാദിപ്പിക്കുന്നതിൽ മൂന്നാമതാണ് ഇന്ത്യ.

കോവിഡ് കാലത്ത് നാം ഏവരും വളരെയധികം കേട്ട വാക്കാണ് രോഗപ്രതിരോധം. നമ്മുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി, വെളിച്ചെണ്ണ പാചക എണ്ണയായി ഉപയോഗിക്കാം. അതു പോലെ തന്നെ തേങ്ങാവെള്ളം കുടിക്കുന്നതും, തേങ്ങ വെറുതെ കഴിക്കുന്നതും എല്ലാം ഗുണം ചെയ്യും.

ശരീരഭാരം കുറയ്ക്കാൻ വെളിച്ചെണ്ണ സഹായ



കരമാണ്. ഇതിന് സാധാരണ ഉപയോഗിക്കുന്ന പാചക എണ്ണ മാറ്റി വെളിച്ചെണ്ണ ഉപയോഗിച്ചാൽ മതി. ഇത് ശരീരത്തിലെ അധികം വരുന്ന കിലോഗ്രാം കുറയ്ക്കാനും മറ്റ് ആരോഗ്യ ആനുകൂല്യങ്ങൾ ശരീരത്തിന് നൽകാനും സഹായിക്കും. പച്ചത്തേങ്ങ കഴിക്കുന്നത് പോലും വയറുനിറഞ്ഞ അനുഭവം നൽകുന്നു. അതുവഴി വിശപ്പ് കുറയുകയും അതിനനുസരിച്ച് ശരീരഭാരം കുറയാൻ കാരണമാകുകയും ചെയ്യുന്നു.

തലമുടി മോശമായിരിക്കുന്നു എന്ന് തോന്നാറുണ്ടോ. അങ്ങനെ തോന്നുമ്പോൾ കുറച്ച് വെളിച്ചെണ്ണ ചൂടാക്കി മുടിയിഴകളിൽ പുരട്ടുന്നത് സഹായകമാകും. അത്പോലെതന്നെ ശരീരത്തിൽ പുരട്ടുന്നതും വളരെ ഗുണം ചെയ്യും. വെളിച്ചെണ്ണയിൽ കൊഴുപ്പ് വളരെ കൂടുതലാണ്, ഇത് തലമുടിയ്ക്ക് തിളക്കമേകുകയും ശരീരത്തിനെ ചുടീൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു. വെളിച്ചെണ്ണയ്ക്ക് ബാക്ടീരിയെയും പൂപ്പലിനെയും തടയാൻ സാധിക്കും, അത് ശിരോചർമ്മത്തിന്റെ ആരോഗ്യത്തിന് വളരെ പ്രയോജനം ചെയ്യും.

തേങ്ങയിൽ ഒരുപാട് ധാതുക്കൾ അടങ്ങിയിട്ടുണ്ട്. എല്ലുകളുടെ ആരോഗ്യത്തിന് മഗ്നീഷ്യം വലിയ പങ്ക് വഹിക്കുന്നുണ്ട്. അതിനാൽ ഭക്ഷണക്രമത്തിൽ വെളിച്ചെണ്ണ ഉപയോഗിക്കുന്നത് എല്ലിന് ഗുണം ചെയ്യുന്നതാണ്. ഇത് എല്ലിന്റെ വളർച്ചയ്ക്കും സാന്ദ്രതയ്ക്കും വലിയ സംഭാവനകൾ നൽകുന്നു.

ചർമ്മത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യത്തിന് ശരീരത്തിൽ ജലാംശം നിലനിർത്തുന്നത് വളരെ പ്രധാനമാണ്. വെളിച്ചെണ്ണ ഒരു മികച്ച ഇലക്ട്രോലൈറ്റ് മാധ്യമമാണ്. ഇത് ശരിയായ ദ്രാവക സമതുലിതാവസ്ഥ നിലനിർത്തുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ, നമ്മുടെ ശരീരത്തിൽ ഇലക്ട്രോലൈറ്റുകൾ വളരെ പ്രധാനപ്പെട്ട ചില പങ്ക് വഹിക്കുന്നു. തേങ്ങാവെള്ളത്തിലെ ഉയർന്ന ഇലക്ട്രോലൈറ്റ് ജലാംശം നിലനിർത്തുന്നതിന് ഏറ്റവും മികച്ചതും ആരോഗ്യകരവുമായ പാനീയമായി പ്രവർത്തിക്കുന്നു.

പ്രമേഹം നിയന്ത്രിയ്ക്കുന്നതിൽ വെളിച്ചെണ്ണ ഉപകാരപ്രദമാണെന്നതിന് നമ്മുടെ ഗവേഷകർക്ക് തെളിവുകൾ ലഭിച്ചിട്ടുണ്ട്. പാചകത്തിൽ വെളിച്ചെണ്ണ ഉൾപ്പെടുത്തുന്നത് ഇൻസുലിൻ സംവേദനക്ഷമത വർദ്ധിപ്പിക്കും. അത് രക്തത്തിലെ പഞ്ചസാരയുടെ അളവ് ആരോഗ്യകരമായി വർദ്ധിപ്പിക്കുന്നതിന് കാരണമാകും.

തേങ്ങയിൽ ട്രൈഗ്ലിസറൈഡ് ഉള്ളതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇതിലുള്ള കീറ്റോജനിക്ക് ഗുണങ്ങൾ അൾഷിമേഴ്സും അത് പോലെയുള്ള മറ്റനേകം രോഗങ്ങളിൽ നിന്നും പ്രതിരോധം സൃഷ്ടിക്കാൻ സഹായിക്കും. പല്ല് കേടാവുന്നത് തടയാൻ വെളിച്ചെണ്ണയ്ക്ക് സാധിക്കും. ദന്തക്ഷയത്തിലേക്ക് നയിക്കുന്ന ബാക്ടീരിയകളോട് പൊരുതാൻ ഇത് സഹായിക്കും.

തേങ്ങ മലയാളികൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഫലമാണ്. വിളഞ്ഞ തേങ്ങയുടെ വെളുത്ത കാമ്പാണ് തേങ്ങയുടെ പ്രധാന ഭാഗം. വിവിധ ഇനം ഭക്ഷണ പദാർത്ഥങ്ങളുടെ പ്രധാന ചേരുവയാണ് തേങ്ങ. ഉണങ്ങിയ തേങ്ങ അഥവാ കൊപ്ര ചക്കിൽ ആട്ടി ഭക്ഷ്യയോഗ്യമായ വെളിച്ചെണ്ണ ഉണ്ടാക്കുന്നു. തലയിലും ശരീരത്തും തേച്ചുകുളിക്കുന്നതിന് വെളിച്ചെണ്ണ ഉത്തമമാണ്. വെളിച്ചെണ്ണ വേർതിരിഞ്ഞ ശേഷം ചക്കിൽ നിന്നും ലഭിക്കുന്ന കൊപ്രയുടെ അവശിഷ്ടമാണ് കൊപ്ര/തേങ്ങ പിണ്ണാക്ക്. കൊപ്ര പിണ്ണാക്ക് കാലിത്തീറ്റയായി ഉപയോഗിക്കുന്നു.

തേങ്ങാവെള്ളം ഉപയോഗിച്ച് വിനാഗിരി അഥവാ ചൊറുക്ക (Vinegar) ഉണ്ടാക്കാൻ കഴിയും. തേങ്ങാവെള്ളം നുരപ്പിച്ചാണിതുണ്ടാക്കുന്നത്(fermetation). കോക്കനട്ട് വിനിഗർ (Coconut Vinegar) എന്നാണിതറിയപ്പെടുന്നത്. ചില ഭക്ഷണ വിഭവങ്ങൾ പാകം ചെയ്യുന്നതിന് വിനിഗർ ഉപയോഗിക്കുന്നു.

തേങ്ങയ്ക്കുള്ളിലെ കാമ്പിനെ സംരക്ഷിക്കുന്ന കട്ടിയേറിയ ആവരണമാണ് ചിരട്ട. ചിരട്ടയുടെ ഒരു വശത്ത് മൂന്ന് സുഷിരങ്ങൾ (കണ്ണുകൾ) ഉണ്ടാവും. സാധാരണയായി നടുവെ മുറിച്ചാണ് തേങ്ങ ഉടക്കുന്നത്. അതിനാൽ ചിരട്ടയുടെ ഒരു മുറിയിൽ കണ്ണുകൾ ഉള്ള ഭാഗം വരുന്നു. കണ്ണുകൾ ഉള്ള ഭാഗം തവി ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്നു. കണ്ണുകൾക്കുള്ളിലൂടെ ചെത്തിയെടുത്ത അലക് (കമുകിന്റെ തടി) കടത്തി തവിയുടെ പിടിയായി ഉപയോഗിക്കാമെന്നതിലാണിങ്ങനെ ചെയ്യുന്നത്. സുഷിരങ്ങൾ ഇല്ലാത്ത മുറി, പാത്രങ്ങൾ ഉണ്ടാക്കുന്നതിനുപയോഗിക്കുന്നു. കേരളത്തിൽ റബർ മരത്തിന്റെ കറ ശേഖരിക്കാൻ സാധാരണയായി ചിരട്ടപ്പാത്രങ്ങൾ ഉപയോഗിക്കുന്നു. അലങ്കാരവസ്തുക്കൾ ഉണ്ടാക്കാൻ ചിരട്ട വിശേഷപ്പെട്ടതാണ്.

ചിരട്ട തീയിലിട്ട് ഉണ്ടാക്കുന്ന ചിരട്ടക്കരി മറ്റ്



മരക്കരിയിൽ നിന്ന് വ്യത്യസ്തമാണ്. സ്വർണ്ണപ്പണിക്കാർ സ്വർണ്ണം ഉരുക്കുന്നതിന് ചിരട്ടക്കരി ഉപയോഗിക്കുന്നു. മുൻ കാലങ്ങളിൽ വസ്ത്രങ്ങൾ ഇസ്തിരി ഇടുന്നതിനുപയോഗിച്ചിരുന്ന ഇസ്തിരിപ്പെട്ടികളിൽ ചിരട്ടക്കരിയാണ് ഉപയോഗിച്ചിരുന്നത്. അറബി നാടുകളിൽ ഒരുകാലത്ത് പ്രസിദ്ധമായിരുന്ന കൊയിലാണ്ടി ഹുക്ക നിർമ്മാണത്തിന് ചിരട്ട ഉപയോഗിക്കുന്നു. ഹുക്കക്കുള്ളിൽ വെള്ളം സംഭരിക്കുന്നത് ചിരട്ടക്കുള്ളിലാണെന്നാതാണ് കൊയിലാണ്ടി ഹുക്കയുടെ ഒരു പ്രത്യേകത. ബംഗാളിലും മറ്റും ഹുക്ക നിർമ്മാണത്തിന് ചിരട്ട ഉപയോഗിക്കുന്നുണ്ട്.


അധികം വളവില്ലാതെ നേർ നീളമുള്ള ഒറ്റത്തടിയായതിനാൽ ഓടും മറ്റും മേഞ്ഞ വീടുകളുടെ ഉത്തരം, കഴുക്കോൽ, പട്ടിക എന്നിവയും, എരുത്തിലിന്റെ (കാലിത്തൊഴുത്ത്) കുന്തക്കാൽ, കാളക്കാൽ തുടങ്ങിയവയും ഉണ്ടാക്കുന്നതിന് തെങ്ങും തടി ഉപയോഗിച്ചു വന്നിരുന്നു. ഇതേ സവിശേഷതകൾ കൊണ്ടുതന്നെ കേരളത്തിൽ പണ്ട് സുലഭമായിരുന്ന തോടുകളുടെയും ചെറു ജലാശയങ്ങളുടെയും മുകളിൽ പാലങ്ങൾ തെങ്ങും തടി ഉപയോഗിച്ച് ഉണ്ടാക്കിയിരുന്നു. ചിറ കെട്ടുന്നതിനും തെങ്ങിൻ തടി ഉപയോഗിക്കുന്നു.

വിറകായും (പ്രത്യേകിച്ച് ഇഷ്ടിക ചൂളകളിൽ) തെങ്ങും തടി വ്യാപകമായി ഉപയോഗിക്കുന്നു. ചൂളകളിലേക്ക് കൊണ്ടുപോകുന്നതിന് തെങ്ങിൻ തടി ഒരു മീറ്ററോളം നീളമുള്ള കഷണങ്ങളായി മുറിക്കുന്നു. ഇവ തെങ്ങിൻ മുട്ടി എന്നറിയപ്പെടുന്നു.

തേങ്ങയുടെ പുറം ആവരണമാണ് തൊണ്ട്. തൊണ്ട് വെള്ളത്തിലിട്ട് അഴുക്കി കറ കളഞ്ഞ് തല്ലിച്ചതച്ച് ചകിരി വേർതിരിച്ചെടുക്കുന്നു. ഇപ്പോൾ തൊണ്ട് ചീയിക്കാതെ നേരിട്ട് തല്ലി ചകിരിയാക്കുന്നതിനുള്ള മില്ലുകൾ വ്യാപകമായി പ്രചാരത്തിൽ വന്നിട്ടുണ്ട്. ഇതുമൂലം തൊണ്ടിൽ നിന്നുള്ള ചകിരിഉൽപ്പാദനവും വർദ്ധിച്ചിട്ടുണ്ട്. കൂടാതെ തൊണ്ട് പാഴായി പോകാതെ അത് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ഉപയോഗിക്കുവാനും സാധിക്കുന്നതിനാൽ തൊണ്ടിൽ നിന്നും കേരകർഷകർക്ക് അധിക വരുമാനവും ലഭിക്കുന്നത് നാളീകേര കൃഷിയ്ക്ക് ഏറെ പ്രയോജനപ്രദമാവുന്നുണ്ട്. ചകിരി നാര് പിരിച്ച് കയർ, കയറ്റു പായ, ചവിട്ടി തുടങ്ങിയവ വൈവിധ്യമാർന്നതും ആകർഷകവുമായ കയർ ഉത്പന്നങ്ങൾ നിർമ്മിച്ച് വിദേശത്തും സ്വദേശത്തും വിറ്റഴിക്കുന്നു. ഇതുവഴി കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യമാണ് നമ്മുടെ രാജ്യത്തിന് നേടി തരുന്നത്. കേരളത്തിലെ ചകിരി നാരിനെ ദൈവത്തിന്റെ സ്വന്തം നാട്ടിലെ സുവർണ്ണ നാരെന്നാണ് അറിയപ്പെടുന്നത്.

കേരളത്തിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിന്റെ മുഖ്യ അസംസ്കൃത വസ്തുവാണ് ചകിരി. കേരളത്തിന്റെ തീരദേശ ഗ്രാമങ്ങളിലെ ജനതയുടെ സാമൂഹിക സാംസ്കാരിക പുരോഗതിക്ക് ഏറെ സ്വാധീനം ചെലുത്തുന്ന കയർവ്യവസായത്തിന്റെ നിലനിൽപ്പിന് നാളീകര ഉത്പാദനം ഗണ്യമായ പങ്കാണ് വഹിക്കുന്നത്. കേരളത്തിലെ നാളീകേരത്തിന്റെ തൊണ്ട് പാഴായി പോകാതെ അവ സംഭരിച്ച് ചകിരിയാക്കാൻ കഴിഞ്ഞാൽ അത് കയർ വ്യവസായത്തിന്റെ കുതിച്ചു ചാട്ടത്തിന് സഹായകരമാവും എന്ന് മാത്രമല്ല ഈ വ്യവസായത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിന് കയർ തൊഴിലാളികൾക്കും പ്രയോജനകരമാകും.

കേരകർഷകരെ സംബന്ധിച്ചിടത്തോളം ഇത് നല്ല പ്രതീക്ഷയ്ക്ക് വക നൽകുന്ന ഒന്നാണ്. നാളികേരം അടത്തുന്നതിന് അനുയോജ്യമായ തെങ്ങുകയറ്റ യന്ത്രം ഇനിയും നമുക്ക് വികസിപ്പിച്ചെടുക്കാൻ ആയിട്ടില്ല എന്നുള്ളത് ഒരു വലിയ പോരായ്മയാണ്. ആ നിലയ്ക്കുള്ള ഗവേഷണങ്ങൾ നമ്മുടെ സാങ്കേതിക സ്ഥാപനങ്ങൾ ഈ നാടിനുവേണ്ടി നിർവഹിക്കേണ്ടത് അനിവാര്യമാണ്. കൂടാതെ നാളികേരത്തിൽ നിന്നും മൂല്യവർധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിന് ഇനിയും നാം ബഹുദൂരം മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. ചകിരിച്ചോറ് കാർഷികമേഖലയ്ക്ക് ഏറ്റവും അനിവാര്യമായ ഒരു വസ്തുവാണ്. ലോക മാർക്കറ്റിൽ വലിയ ഡിമാൻഡ് ആണ് ചകിരിച്ചോറും അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന ജൈവവളം ഉൾപ്പെടെ മറ്റുമൂല്യവർധിത ഉത്പന്നങ്ങൾക്കും. ഇത്തരത്തിൽ വളരെ പ്രതീക്ഷാനിർഭരമായ ഒരു നാളീകേരദിനമാണ് ഇത്തവണ കടന്നു പോയത്.



## കഥ



അനൂപ് ദേവസ്യ



# അമ്മയെപ്പോലെ ഒരാൾ

**പ**തിവുപോലെ അന്നും തിരക്കുള്ള ജോലിയിൽ നിന്നും അല്പനേരത്തെ ഇടവേളയെടുത്ത് മധു ഭക്ഷണം കഴിക്കാനായി ഊണുമേശയുടെ അടുത്തേയ്ക്ക് പോയി. സമയം അതിക്രമിച്ചിരിക്കുന്നു, അതുകൊണ്ടുതന്നെ ഊണുമേശ വിജനമാണ്. എന്നും താമസിച്ചുമാത്രം ഭക്ഷണം കഴിക്കാറുള്ള മധുവിന് അതൊരു പുതുമയേ ആയിരുന്നില്ല. പാത്രം തുറന്ന് ഭക്ഷണം കഴിക്കാൻ ഒരുങ്ങുമ്പോഴാണ്, രാവിലെ വീട്ടിൽ നിന്നും ഇറങ്ങാൻ നേരം ഭാര്യ പറഞ്ഞ കാര്യം ഓർത്തത്. ഉച്ചഭക്ഷണത്തിനുമുമ്പ് കഴിക്കേണ്ട മരുന്ന് തീർന്നിരുന്നു. അത് വാങ്ങണം. പാത്രം അടച്ചുവച്ച് അയാൾ ഓഫീസിനടുത്തുള്ള മെഡിക്കൽ സ്റ്റോറിലേക്കിറങ്ങി.

മെഡിക്കൽ സ്റ്റോറിലെത്തി പഴയ പരിചയക്കാരനെ കണ്ട് കുശലവും പറഞ്ഞ് മരുന്നും വാങ്ങി തിരികെ പോകുവാനൊരുങ്ങുമ്പോഴാണ് മധുവിന്റെ കാലിൽ ആരോ മുറുകെ പിടിക്കുന്നതുപോലെ തോന്നിയത്. മധു താഴേക്ക് നോക്കി, അതൊരു തോന്നലായിരുന്നില്ല. കടത്തിണ്ണയിൽ കിടന്നുറങ്ങിയിരുന്ന വൃദ്ധയായ സ്ത്രീ വിറയ്ക്കുന്ന കൈകൾ കൊണ്ട് മധുവിനെ മുറുകെ പിടിച്ചു. ചെറിയൊരു ചിരി സമ്മാനിച്ച് പോകാനൊരുങ്ങിയ മധുവിന്റെ കാലിൽ ആ വൃദ്ധ വീണ്ടും വീണ്ടും മുറുകെ പിടിച്ചു. അപ്പോഴാണ് മധു ആ സ്ത്രീയെ ശരിക്കും ശ്രദ്ധിച്ചത്. കണ്ടാൽതന്നെ അറിയാം ഭക്ഷണം കഴിച്ചിട്ട് ഒന്നിലധികം ദിവസം കഴിഞ്ഞിരിക്കുന്നു. ഒട്ടിയ വയറും കുഴിഞ്ഞ കണ്ണുകളുമായി ആ വൃദ്ധ മധുവിന്റെ കാലിൽ വിടാതെ പിടിച്ചിരുന്നു. കുട്ടിക്കാലം മുതൽക്കേ ഭക്ഷണത്തിന്റെ വില നന്നായി അറിയാവുന്ന മധുവിന് അവരെ ഉപേക്ഷിക്കാൻ മനസുവന്നില്ല.

വൃദ്ധയെ പിടിച്ചെഴുന്നേൽപ്പിച്ച് മധു അവരെ തന്റെ ഓഫീസിനടുത്തേക്ക് കൊണ്ടുപോകാനൊരുങ്ങി. മധുവിന് വേറെ ജോലിയൊന്നുമില്ലേ, ഇന്നലെ മുതൽ അവർ ഈ കടത്തിണ്ണയിൽ കിടക്കുവാ... ആരാണെന്നുപോലും അറിയില്ല, എന്തിനാണ് ആവശ്യമില്ലാത്ത വയ്യാവേലി എടുത്ത് തലയിൽ വയ്ക്കുന്നത്. മെഡിക്കൽ സ്റ്റോറിലെ സുഹൃത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയാതെ മധു ആ സ്ത്രീയുമായി ഓഫീസിനടുത്തേക്ക് നടന്നു. വൃദ്ധയുടെ കൈയും പിടിച്ചുവരുന്ന മധുവിനെ കണ്ട ഓഫീസ് ജീവനക്കാർക്കുമുണ്ടായിരുന്നു തെല്ല് അതൃപ്തി. അല്ലെങ്കിലും മധു ഇങ്ങനെയാ, ആവശ്യമില്ലാത്ത കാര്യത്തിലൊക്കെചെന്ന് തലയിടും. ആരാണ്? എന്താണ്? എന്നൊക്കെ അറിയാതെ എന്തിനാണ് ഇങ്ങനെയൊക്കെ? ഒന്നിനും ഉത്തരം പറയാതെ അയാൾ നടന്ന് ഓഫീസ് വരാന്തയിലെത്തി. അതുവരെ ഒന്നും സംസാരിച്ചില്ലെങ്കിലും അവർ തമ്മിൽ എന്തൊക്കെയോ പറയാതെ പറയുന്നുണ്ടായിരുന്നു. ഇടയ്ക്കിടെ അവർ മധുവിന്റെ മുഖത്തേക്ക് നിഷ്കളങ്കമായി നോക്കുന്നുണ്ടായിരുന്നു.



ഓഫീസിന്റെ വരാന്തയിൽ അവരെ ഇരുത്തിയശേഷം മധു തന്റെ ഭക്ഷണപാത്രമെടുത്ത് അവർക്കുനേരെ നീട്ടി. നിറഞ്ഞ കണ്ണുകളായിരുന്നു ആ പട്ടിണിക്കോലത്തിന്റെ മറുപടി. ഭക്ഷണപാത്രത്തിലെ അവസാനവറ്റ് കഴിക്കുമ്പോഴും അവരുടെ കണ്ണുകൾ പെയ്തുകൊണ്ടേയിരുന്നു. ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അവരേയും കൂട്ടി കൈ കഴുകിക്കാൻ നടക്കുന്ന മധുവിനെ ദേഷ്യവും പുച്ഛവും കലർന്ന കണ്ണുകളോടെ ചുറ്റുമുള്ളവർ നോക്കി. ഭക്ഷണശേഷം ഇരുവരും ആ വരാന്തയുടെ ഓരം ചേർന്നിരുന്നു. ആ സ്ത്രീ ദീർഘമായി ഒന്നു നിശ്വസിച്ചു. വിശപ്പടങ്ങിയ കണ്ണുകളിൽ പ്രകാശം പരക്കുന്നതുപോലെ അയാൾക്കു തോന്നി. അല്പനേരത്തെ വിശ്രമത്തിനുശേഷം കണ്ണീർതുടച്ച് വൃദ്ധ പോകാനൊരുങ്ങി. മധുവിന്റെ കൈയിൽ തന്റെ വലതുകൈ ചേർത്തുവച്ചശേഷം ഒന്നുംമിണ്ടാതെ ആ വൃദ്ധ പതിയെ പതിയെ നടന്നകന്നു. പേരെന്താണ് വീടും വീട്ടുകാരും എവിടെയാണ് അങ്ങനെ ചോദ്യങ്ങൾ പലതും മധു മൗനമായി അവരോട് ചോദിച്ചുകൊണ്ടിരുന്നു.

ഓഫീസിന്റെ ഗേറ്റുകഴിഞ്ഞ് അവർ കാഴ്ചയിൽ നിന്നും മറയുന്നതുവരെ മധുവിന്റെ കണ്ണുകൾ അവർക്കൊപ്പം ചലിച്ചു. ഒടുവിൽ സമയം വൈകിയതിനാൽ കാന്റീനിൽ നിന്ന് എന്തോ കഴിച്ചെന്നു വരുത്തി, മധു വീണ്ടും തന്റെ തിരക്കിട്ട ജോലികളിൽ മുഴുകി. ഓഫീസിൽ നിന്നും മടങ്ങിയെത്തിയ മധു അന്ന് പകൽ നടന്ന കാര്യങ്ങളെപ്പറ്റി വീട്ടിലാരോടും പറഞ്ഞില്ല. എല്ലാവരേയും പോലെ വീട്ടുകാരും എതിർത്തുപറയും എന്ന് മധുവിന് അറിയാമായിരുന്നു. ഉറങ്ങാൻ കിടന്ന മധുവിന്റെ മനസിൽ ആ വൃദ്ധയുടെ മുഖം ഒരു തേങ്ങലായി തുടർന്നു. അവർ എങ്ങോട്ടായിരിക്കും പോയിട്ടുണ്ടാവുക? അവർ വീട്ടിലെത്തിക്കാണുമോ? അതോ വീണ്ടും ഏതെങ്കിലും കടത്തിണ്ണകളിൽ അഭയം പ്രാപിച്ചുകാണുമോ? മധുവിന് ഉറങ്ങാൻ കഴിഞ്ഞില്ല. കണ്ണിൽ നിന്നും അകന്നിരുന്നെങ്കിലും മധുവിന്റെ മനസിൽ നിന്നും മാഞ്ഞുപോകാൻ അവർ മടിച്ചു.

രണ്ടുദിവസങ്ങൾക്കുശേഷം അതുപോലൊരു ഉച്ചസമയത്ത് മധുവിന്റെ ഓഫീസിന്റെ വാതിൽക്കൽ ഒരു ഓട്ടോറിക്ഷ വന്നു നിന്നു. ഓട്ടോറിക്ഷയിലെത്തിയവർ ഒരു മുഖം അന്വേഷിച്ചായിരുന്നു എത്തിയത്. ആരോടും ഒന്നും ചോദിക്കാതെ ഓട്ടോയിൽ എത്തിയവർ അവിടെതന്നെനിന്നു. അവിടെയുള്ള ഓരോരുത്തരേയും അവർ സസൂഷ്മം വീക്ഷിക്കുന്നുണ്ടായിരുന്നു. ഊണു കഴിക്കാൻ ഇറങ്ങിയ മധുവിനെ കണ്ടതും ഓട്ടോയിലിരുന്ന വൃദ്ധ ഓടി മധുവിന്റെ അരികിലേക്ക് ചെന്നു. ഒത്തിരി സ്നേഹത്തോടെ മധുവിനെ അവർ ചേർത്തുപിടിച്ചു. ഇനിയൊരിക്കലും കാണാൻ കഴിയില്ലെന്ന് മധു തീർച്ചപ്പെടുത്തിയിരുന്ന ആ മുഖം ഇതാ മധുവിനെ തേടി എത്തിയിരിക്കുന്നു.

ഓട്ടോറിക്ഷയിലെത്തിയത് അവരുടെ ഭർത്താവും അകന്ന ബന്ധുവുമായിരുന്നു. മധുവിനെ കണ്ട സന്തോഷം വിട്ടുമാറുംമുമ്പ് അവർ നടന്ന കഥയെല്ലാം പറഞ്ഞു. പണ്ടേ മാനസിക അസ്വാസ്ഥ്യമുള്ള സ്ത്രീയായിരുന്നു. ഭർത്താവിന് അസുഖം കൂടിയപ്പോൾ മരുന്നുവാങ്ങാനായി ഒറ്റയ്ക്ക് പുറത്തേക്ക് ഇറങ്ങിയതാണ്. മൂന്ന് ദിവസങ്ങൾക്കുശേഷമാണ് അവർ തിരികെ എത്തിയത്. അന്വേഷിക്കാവുന്നിടത്തൊക്കെ അന്വേഷിച്ചിരുന്നു, എങ്ങുനിന്നും ഒരു വിവരവും കിട്ടിയിരുന്നില്ല. ഭക്ഷണംകഴിക്കാതെ ക്ഷീണിച്ചിരുന്ന അവർക്ക് വീട് ഏതെന്നോ, നാട് ഏതെന്നോ ഓർമ്മയുണ്ടായിരുന്നില്ല. കടത്തിണ്ണയിൽ കിടന്നുറങ്ങിയ അവരെ ആരും സഹായിക്കാനുണ്ടായിരുന്നില്ല. മധു നൽകിയ ഭക്ഷണം കഴിച്ച് വിശപ്പടങ്ങിയപ്പോഴാണ് അവർക്ക് ഓർമ്മ തിരികെ കിട്ടിയത്. ഉടൻ തന്നെ ഭർത്താവിന്റെ അരികിലേക്ക് ഓടി എത്തുകയായിരുന്നു.

മധുവിനോട് എങ്ങനെ നന്ദിപറയണമെന്നറിയാതെ നിന്ന അവർ ഒടുവിൽ മധുവിന്റെ കാലിലേക്ക് വീണു. ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത മുഖമാണ് മധുവിന്റേത് എന്ന് പറയുമ്പോൾ മധുവിന്റെ കണ്ണുകളും നിറഞ്ഞൊഴുകി. ഏറെ നേരത്തെ സങ്കടം പറച്ചിലുകൾക്കൊടുവിൽ മധുവിനോട് യാത്രപറഞ്ഞ് അവർ തിരികെ മടങ്ങി. ഓട്ടോറിക്ഷയിലേക്ക് കയറുമ്പോൾ ആ വൃദ്ധ മധുവിന്റെ മുഖത്തേക്ക് ഒന്നു നോക്കി. നഷ്ടപ്പെട്ടെന്നുകരുതിയ ജീവിതം തിരികെ കിട്ടിയ സന്തോഷം ആ മുഖത്തുനിന്നും മധുവിന് വായിച്ചെടുക്കാമായിരുന്നു. അവർ മടങ്ങിപ്പോകുന്നതും നോക്കി മധു കുറേനേരം അങ്ങനെതന്നെ നിന്നു. കണ്ണിൽനിന്ന് അകന്നാലും മനസിൽ നിന്ന് അകലാത്ത മുഖം.

ചെറുപ്പത്തിലേ അമ്മ നഷ്ടപ്പെട്ട മധുവിനെ ആ വിയോഗത്തിന്റെ ആഴം വല്ലാതെ പൊള്ളിക്കുന്നുണ്ടായിരുന്നു. ദിവസങ്ങൾ കഴിഞ്ഞിട്ടും ആ അമ്മയുടെ മുഖം മധുവിന്റെ മനസിൽ നിന്നും മാഞ്ഞിരുന്നില്ല. ഒരുപക്ഷേ, അതുതന്നെയായിരിക്കില്ലേ താൻ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത അമ്മയുടെ മുഖം.



# ഇന്ത്യൻ നിയമ നിർമ്മാണ സഭകളിലെ സ്ത്രീ പ്രാതിനിധ്യം



ദർശന അനിലാൽ

ഇന്ത്യ സ്വതന്ത്രമായിട്ട് 74 വർഷം പിന്നിടുമ്പോഴും ജനസംഖ്യയുടെ ഭൂരിഭാഗം വരുന്ന സ്ത്രീസമൂഹത്തിന് അർഹിക്കുന്ന പരിഗണന വിവിധ മണ്ഡലങ്ങളിൽ ലഭിച്ചിട്ടുണ്ടോയെന്ന് ഗൗരവപൂർവം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശ പട്ടികയിലെ ആദ്യ ഇനമായ സമത്വത്തിനുള്ള അവകാശത്തിന് കീഴിൽ സ്ത്രീകൾക്ക് നിയമത്തിന് മുന്നിൽ സമത്വവും തുല്യമായ നിയമ സംരക്ഷണവും ഉറപ്പ് നൽകുന്നു. എന്നാൽ ഈ അവകാശങ്ങൾ സംരക്ഷിക്കുവാൻ സ്ത്രീകൾക്ക് പല സന്ദർഭങ്ങളിലും നിയമ പോരാട്ടവും പ്രക്ഷോഭങ്ങളും നടത്തേണ്ടി വരുന്നു. നിയമനിർമ്മാണ സഭകളിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം എന്ന ആവശ്യത്തിന് ഏറെ പഴക്കം ഉണ്ട്. തെരഞ്ഞെടുപ്പ് സമയങ്ങളിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ വനിതാ സംവരണം നടപ്പാക്കുമെന്ന് പറയുമെങ്കിലും തെരഞ്ഞെടുപ്പ് കഴിയുമ്പോൾ അതെല്ലം മറക്കുന്ന സമീപനമാണ് സ്വീകരിച്ചു വരുന്നത്. നാളിതുവരെ വനിതാ സംവരണം പ്രാബല്യത്തിൽ വന്നിട്ടില്ല. സ്ത്രീ ശാക്തീകരണവും വനിതാ പ്രാതിനിധ്യവും ഒരു പരിധിവരെ പുരുഷൻമാരെ അലോസരപ്പെടുത്തുന്നുണ്ട്. സ്ത്രീകൾക്ക് നിയമനിർമ്മാണ സഭകളിലേക്ക് കടന്നുവരാൻ കഴിയാത്ത തരത്തിൽ പുരുഷാധിപത്യം നിലനിൽക്കുകയാണ്. വിവിധ രാഷ്ട്രീയ പാർട്ടിക്കുള്ളിലെ താക്കോൽസ്ഥാനത്തും സ്ത്രീകളുടെ പ്രാതിനിധ്യം കുറവാണെന്നുള്ളത് ദുഃഖകരമാണ്.

1957 ൽ കേരള സംസ്ഥാനത്തെ ആദ്യ മന്ത്രിസഭയിൽ ശക്തമായ സ്ത്രീ സാന്നിധ്യമായി ഗൗരിയമ്മയുണ്ടായിരുന്നു. തുടർന്ന് സ്ത്രീ പ്രാതിനിധ്യം ക്രമാനുഗതമായി വർദ്ധിക്കുന്ന ഒരവസ്ഥ നാം കാത്തിരുന്നതല്ലാതെ സംഭവിക്കുകയുണ്ടായില്ല. രാഷ്ട്രീയം എന്നും പുരുഷകേന്ദ്രീകൃതമായിതുടരുന്നു. ഭരിക്കാനറിയാഞ്ഞല്ല സ്ത്രീകൾ പിന്നോട്ട് പോയത്, മറിച്ച് അവരുടെ രാഷ്ട്രീയ കക്ഷികൾ അവരെ പ്രോത്സാഹിപ്പിച്ചില്ല എന്നതാണ് കാരണം. അതുകൊണ്ടുതന്നെ തെരഞ്ഞെടുപ്പുകളിലും അവർ മാറ്റി നിർത്തപ്പെട്ടു. വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് തൊഴിലിടങ്ങളിൽ സ്ത്രീകളുടെ പങ്ക് വർദ്ധിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ത്രീ സംവരണം നടപ്പിലാക്കേണ്ടി വന്നു. അതേപോലെ സംവരണം പാർലമെന്റിലും സംസ്ഥാന നിയമസഭയിലും കൊണ്ടുവരണം. ഭരണഘടനയെ



അംഗീകരിക്കുന്നുവെങ്കിൽ തുല്യതയും അംഗീകരിക്കുകതന്നെ വേണം.

മറ്റു സംസ്ഥാനങ്ങളേക്കാൾ കുറവാണ് സാക്ഷര പ്രബുദ്ധ കേരളത്തിലെ സ്ത്രീ പ്രാതിനിധ്യം. നിയമസഭയിൽ തുച്ഛമായ സ്ത്രീ പ്രാതിനിധ്യമാണ് ഉള്ളത്. സ്ത്രീപ്രാതിനിധ്യം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കേണ്ടതാണ്. 52 ശതമാനം സ്ത്രീകളുള്ള നാട്ടിൽ, അത്രയുംതന്നെ സ്ത്രീപ്രാതിനിധ്യം നിയമനിർമ്മാണ സഭകളിലും ഉണ്ടാവേണ്ടതാണ്.

സ്ത്രീ ശാക്തീകരണത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണ്. സാക്ഷരത, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക് എന്നീ കാര്യങ്ങളിൽ വികസിത രാജ്യങ്ങൾക്ക് ഒപ്പം എത്തുവാൻ കേരളത്തിലെ സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ നവോത്ഥാന പ്രക്രിയയും പുരോഗമന രാഷ്ട്രിയവും ഇതിന് കാരണമായിട്ടുണ്ട്. കുടുംബത്തിനുള്ളിൽ സ്ത്രീകൾ ചെയ്യുന്ന തൊഴിലിന്റെ മഹിമ വിവിധ തലങ്ങളിൽ അർഹിക്കുന്ന ഗൗരവത്തോടെ ചർച്ചചെയ്യപ്പെടാറില്ല. ആധുനിക രാഷ്ട്രങ്ങളിൽ സമൂഹത്തിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നത് നിയമ നിർമ്മാണ സഭകളിലാണ്. ഇന്ത്യയിൽ ഇന്ത്യൻ പാർലമെന്റിലും സംസ്ഥാനങ്ങളിൽ സംസ്ഥാന അസംബ്ലിയിലുമാണ് നിയമം പാസാക്കുന്നത്. ഇന്ത്യൻ പാർലമെന്റിലെ ഇപ്പോഴത്തെ സ്ത്രി പ്രാതിനിധ്യം കേവലം 11.5 ശതമാനം മാത്രമാണ്. കേരളത്തിൽ നിന്നും പാർലമെന്റിൽ ഒരു സ്ത്രീ മാത്രമാണുള്ളത്. രാജ്യസഭയിൽ സ്ത്രികൾ ഇല്ലായെന്നുള്ളത് ദുഃഖകരമാണ്. കേരള നിയമ സഭയിലെ 140 പേരിൽ എട്ടു പേർ മാത്രമാണ് സ്ത്രീകൾ. ഇതും വളരെ കുറവാണ്. അതിനാൽ ഈ കുറവ് പരിഹരിക്കുവാൻ നിയമനിർമ്മാണ സഭകളിൽ സ്ത്രീകൾക്ക് അർഹമായ സംവരണം എന്ന നിയമം പാസാക്കേണ്ടതിന്റെ പ്രസക്തി ഏറി വരികയാണ്.

ഇന്ത്യയിലെ പ്രധാന പതിനേഴ് സംസ്ഥാനങ്ങളിലെ ജനനലിംഗാനുപാതം കുറയുകയാണെന്നു നീതി ആയോഗ് റിപ്പോർട്ട് ചെയ്യുന്നു. മാറിമാറി ഭരിക്കുന്ന സർക്കാരുകൾ നിയമസഭകളിലേക്കുള്ള വനിതാ സംവരണ ബിൽ രണ്ട് ദശകത്തിലേറെയായി മാറ്റി മാറ്റി വെയ്ക്കുന്നു. ഐക്യരാഷ്ട്രസഭ പ്രസിദ്ധീകരിച്ച ആഗോള ലിംഗ അസമത്വ സൂചികയിൽ നൂറ്റിഅൻപത്തൊൻപതു രാജ്യങ്ങളിൽ ഇന്ത്യ നൂറ്റിയിരുപത്തഞ്ചാം സ്ഥാനത്താണ്. സ്ത്രീകൾക്ക് ഏറ്റവും അരക്ഷിതമായ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ ആദ്യസ്ഥാനങ്ങളിലുമാണ്. പൗരാവകാശ സംരക്ഷണങ്ങളുടെ കാര്യത്തിലും രാജ്യത്തെ സ്ത്രീകളോട് കടുത്ത അനീതിയാണ് കാണിക്കുന്നത്.

സ്ത്രീകളുടെ സാമൂഹിക പദവി മെച്ചപ്പെടുത്തുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും നമ്മുടെ ഭരണഘടനയിൽ ക്രിയാത്മകമായ നിയമങ്ങൾ എഴുതിചേർത്തിട്ടുണ്ട്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും പുരുഷൻമാർക്കും സ്ത്രീകൾക്കും തുല്യമായ പരിഗണന ഉറപ്പ് വരുത്തുന്നതിനാണ് ഈ നടപടി. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ പദവികളിൽ എല്ലാ പൗരൻമാർക്കും സമത്വവും സ്ത്രീകളെ ഒരു പ്രത്യേക വിഭാഗമാക്കി കണക്കാക്കി വിദ്യാഭ്യസം, തൊഴിൽ തുടങ്ങി വിവിധ മേഖലകളിൽ അവർക്ക് തുല്യ പങ്കാളിത്വവും അവരുടെ അന്തസിനും അഭിമാനത്തിനും ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്നു.

2010 മുതൽ കേരളത്തിൽ ത്രിതല പഞ്ചായത്തുകളിൽ 50% സ്ത്രീ സംഭരണം ഉറപ്പാക്കിയിട്ടുണ്ട്. കേരള മാതൃക പിൻതുടർന്ന് ദേശീയ തലത്തിൽ ലോക സഭയിലും നിയമ സഭകളിലും 50% സ്ത്രീ സംവരണം ലഭ്യമാക്കേണ്ടതാണ്. നിയമനിർമ്മാണ സഭയിൽ സ്ത്രീ സംവരണം യാഥാത്ഥ്യമാക്കുന്നതിലൂടെ സ്ത്രീകൾക്കും പൊതു സമൂഹത്തിനും ഗുണകരമായ പല നിയമങ്ങളും നിർമ്മിക്കുവാൻ കഴിയുന്നതാണ്. അത് ലോകത്തിന് തന്നെ മാതൃകയായിരിക്കും. സ്ത്രീ സംവരണം വർദ്ധിക്കുന്നതിന് അനുസരിച്ച് രാഷ്ട്രീയ കക്ഷികളുടെ സ്ഥാനങ്ങളിലും തുല്യത സ്ത്രീകളുടെ അവകാശമാണ്. രാഷ്ട്രീയ, സാംസ്കാരിക, സാമ്പത്തിക സ്ഥാപനങ്ങളുടെ തലപ്പത്ത് സ്ത്രീകൾ ഉണ്ടാകുന്നത് അത്യപൂർവ്വം. സാംസ്ക്കാരിക സ്ഥാപനങ്ങൾ, ബോർഡ് കോർപ്പറേഷനുകൾ തുടങ്ങിയ ഏത് സർക്കാർ സ്ഥാപനത്തിന്റെയും ചരിത്രം പരിശോധിച്ചാലും മേധാവിയായി ബഹുഭൂരിപക്ഷവും പുരുഷൻ മാത്രമേ ഉണ്ടായിട്ടുള്ളൂ. അദ്ധ്യാപകർ, ആശവർക്കർ, അംഗവാടി, നഴ്സിംഗ് തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നത് ബഹുഭൂരിപക്ഷവും സ്ത്രീകളായിരിക്കുമ്പോഴും സംഘടനാ-സ്ഥാപന നേതൃത്വനിരയിൽ ആധിപത്യം പുരുഷനു തന്നെയാണ്. കഴിഞ്ഞ രണ്ട് ഇലക്ഷനുകളിലും സ്ത്രീ വോട്ടർമാരുടെ വോട്ടാണ് എണ്ണത്തിൽ കൂടുതൽ ഉണ്ടായിരുന്നതെന്ന് മറക്കാതിരിക്കുക. ജനസംഖ്യാനുപാതികയായി നിയമനിർമ്മാണ സഭകളിൽ സ്ത്രീ പ്രാതിനിധ്യം 50 ശതമാനമെങ്കിലും ഉയർത്തുവാൻ എല്ലാവരുടെയും അടിയന്തിര ഇടപെടലും ശ്രദ്ധയും ഉണ്ടാകുവാൻ ഇനിയും അമാന്തം പാടില്ല.




# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി– 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29



# പെരുങ്ങുഴി കയർ സംഘം ആനുകൂല്യങ്ങൾ നൽകി

**കോ**വിഡ്-19ന്റെ ഭാഗമായി പ്രതിസന്ധി കാലഘട്ടത്തിൽ ചിറയിൻകീഴ്, പെരുങ്ങുഴി കയർ വ്യവസായ സഹകരണ സംഘം ഈ ഓണത്തിന് 250 തൊഴിലാളികൾക്ക് ബോണസും ഓണകിറ്റും നൽകി മാതൃകയായി. ബോണസ്, ഓണക്കിറ്റ് എന്നിവയുടെ വിതരണ ഉദ്ഘാടനം സംഘം പ്രസിഡന്റും കയർഫെഡ് ഭരണ സമിതി അംഗവുമായ ആർ. അജിതകുമാർ സംഘത്തിലെ ഏറ്റവും പ്രായംകൂടിയ തൊഴിലാളിയായ രമാമണിക്ക് നൽകി നിർവഹിച്ചു. ചടങ്ങിൽ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ സി.സുര, ആർ.അംബിക, സംഘം ഭരണസമിതി അംഗങ്ങളായ ജി. വാരിജാക്ഷൻ, മിനിമോൾ, ശ്രീദേവി, സുജാത യൂണിയൻ നേതാവ് കെ. രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു. യോഗത്തിൽ സംഘം സെക്രട്ടറി വി. അനിൽകുമാർ സ്വാഗതവും ബിസിനസ് മാനേജർ അനിത നന്ദിയും രേഖപ്പെടുത്തി.



# മലപ്പുറം ജില്ലയിലെ എടവണ്ണപ്പാറയിൽ ആധുനിക ചകിരി മില്ല് സ്ഥാപിച്ചു

**പൊ**ന്നാനി കയർ പ്രോജക്ടിന് കീഴിൽ കയർ വികസന വകുപ്പിന്റെ രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി സ്വകാര്യ മേഖലയിൽ മലപ്പുറം ജില്ലയിലെ എടവണ്ണപ്പാറയിൽ ആധുനിക രീതിയിലുള്ള ആട്ടോ ഫീഡർ സംവിധാനത്തോടെയുള്ള ചകിരി മില്ലും കയർ പിത്ത് ബ്ലോക്ക് നിർമ്മാണ യൂണിറ്റും സജ്ജമാക്കിയിരിക്കുന്നു. M/s.Yucca Coir Fiber എന്ന പേരിൽ സമീർ മാനേജിംഗ് പാർട്ട്ണർ ആയി പങ്കാളിത്ത വ്യവസ്ഥയിലുള്ള പ്രസ്തുത യൂണിറ്റിന്റെ ഒന്നാം ഘട്ടത്തിൽ ഉള്ള ഡീഫൈബറിംഗ് യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ച് കയർ പ്രോജക്ട് ഓഫീസർ ശശീന്ദ്രൻ. ബി നിർവഹിച്ചു. അസി. രജിസ്ട്രാർ പി.എ. ബഷീർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

ഈ പ്രോജക്റ്റിലെ 27-മത്തെ സംരംഭമാണ് (2021 22 ലെ രണ്ടാമത്തെ യൂണിറ്റാണ്) ടി യൂണിറ്റിന്റെ മൊത്തം പദ്ധതി ചിലവ് 1.5 കോടി രൂപയാണ്. 150 HP പവർ ലോഡുള്ള ഈ യൂണിറ്റിൽ മണിക്കൂറിൽ 4500 മുതൽ 5000 തൊണ്ട് അടിക്കുവാൻ കഴിയുന്ന ഒരു സംരംഭമാണ്. പൊള്ളച്ചിയിലുള്ള തിരുമലൈ ഇൻഡസ്ട്രീസിൽ നിന്നും ഉള്ള മെഷീനറിയാണ് സ്ഥാപിച്ചിട്ടുള്ളത്.



# മുതലമട നാരിപ്പാറ ഡീഫൈബറിംഗ് യൂണിറ്റ്

**പൊ**ന്നാനി പ്രൊജക്റ്റിന് കീഴിൽ കയർ വികസന വകുപ്പിന്റെ രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ നാരിപ്പറ ചള്ളയിൽ ആരാധന ഡി.എഫ് ആൻഡ് കയർ പ്രോജക്ട്സ് എന്ന പേരിൽ ഭാസി. എം.എ, തൃശൂർ മനേജിംഗ് പാർട്ട്ണർ ആയി സ്ഥാപിച്ച ഡീഫൈബറിംഗ് യൂണിറ്റിന്റെ പ്രവർത്തന ഉദ്ഘാടനം കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം പൊന്നാനി കയർ പ്രോജക്റ്റ് ആഫീസർ ശശീന്ദ്രൻ ബി. നിർവഹിച്ചു.


ഈ പ്രോജകറ്റിലെ 29 -ാമത്തെ യൂണിറ്റാണ്. പ്രസ്തുത സംരംഭത്തിനായി 1.5 ഏക്കർ സ്ഥലത്ത് 10 വർഷത്തെ ലീസ് വ്യവസ്ഥയിൽ എടുത്ത് ഏകദേശം 3000 ച.അടി വിസ്തൃതിയിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. 140 എച്ച്.പി. പവർ ലോഡിൽ മണിക്കൂറിൽ 5,000 മുതൽ 6,000 തൊണ്ട് വരെ അടിക്കുവാൻ കപ്പാസിറ്റിയുള്ള മെഷീനാണ് യൂണിറ്റിൽ സ്ഥാപിച്ചിട്ടുള്ളത്. പൊള്ളാച്ചിയിലെ മഹീന്ദ്രയിൽ നിന്നും വാങ്ങിയിട്ടുള്ള മെഷിനറിയാണ് ഇത്. ആട്ടോ ഫീഡർ ഉൾപ്പെടെ ആധുനിക രീതിയിലാണ് യൂണിറ്റിന്റെ പ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ളത്.

യൂണിറ്റിന്റെ മൊത്തം ചിലവ് 1.35 കോടി രൂപയാണ്. അതിൽ 90 ലക്ഷം രൂപ ബാങ്ക് വായ്പയാണ്. ബാക്കി 45 ലക്ഷം രൂപ സ്വന്തം ഫണ്ടായി ചിലവഴിച്ചിട്ടുണ്ട്. കഞ്ചിക്കോട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ എം.എസ്.എം.ഇ ബ്രാഞ്ചിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളത്.



# ആറാട്ടുപുഴ കോസ്റ്റൽ കയർ വ്യവസായ സംഘത്തിൽ ഗോഡൗൺ ഉദ്ഘാടനം ചെയ്തു

**കാ**യംകുളം കയർ പ്രോജക്ട് ആറാട്ടുപുഴ കോസ്റ്റൽ സി.വി.സി.എസ്. ലിമിറ്റഡ് നമ്പർ 689ന് അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിൽ നിന്ന് അനുവദിച്ച ലഭിച്ച 11,78,000 രൂപ ഉപയോഗിച്ച് ഉരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി മുഖാന്തിരം നിർമ്മിച്ച ഗോഡൗണിന്റെ ഉദ്ഘാടനം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കായംകുളം കയർ പ്രോജക്ട് ഓഫീസർ നിർവഹിച്ചു.




# ചളിക്കോട് കയർ വ്യവസായ സഹകരണ സംഘത്തിൽ പരിശീലനം നടത്തി

**ച**ളിക്കോട് കയർ വ്യവസായ സഹകരണ സംഘത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ചു നൽകിയ 14 ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളിൽ തൊഴിലാളികൾക്ക് കയർപിരി പരിശീലനം നടത്തി. പരിപാടിയുടെ ഉദ്ഘാടനം കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ് ഓൺലൈനായി നിർവഹിച്ചു. യോഗത്തിൽ സംഘം പ്രസിഡന്റ് എൻ.കെ. സുരേഷ് അദ്ധ്യക്ഷത വഹിച്ചു.

എൻ.സി.ആർ എം.ഐ സീനിയർ സയന്റിസ്റ്റ് സി. അഭിഷേക്, കയർ വികസന വകുപ്പ് ഡെപ്യൂട്ടി റജിസ്ട്രാർ തോമസ് ജോൺ, പ്രൊജക്ട് ഓഫീസർ സുരേഷ് ബാബു എന്നിവർ ചടങ്ങിൽ ഓൺലൈൻ ആയി സംബന്ധിച്ചു. പി. ശശികുമാർ, അസിസ്റ്റന്റ് റജിസ്ട്രാർ (കയർ) കോഴിക്കോട് മെഷീനുകളുടെ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു.



*വ്യവസായ വകുപ്പു ഡിജിറ്റൽ വാർത്ത പത്രിക സംസ്ഥാന വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് പ്രകാശനം ചെയ്യുന്നു.*

# വ്യവസായ വകുപ്പു ഡിജിറ്റൽ വാർത്ത പത്രിക പ്രകാശനം ചെയ്തു

**വ്യ**വസായ വകുപ്പുമായി ബന്ധപ്പെട്ട വാർത്തകൾ, അറിയിപ്പുകൾ, പരിപാടികൾ, സംരംഭക സഹായ പദ്ധതികൾ, പദ്ധതികളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ തുടങ്ങിയവ വ്യവസായികൾക്കിടയിൽ എത്തിക്കുന്നതിനായി ഒരു ഓൺലൈൻ വാർത്താ പത്രിക വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പ്രസിദ്ധീകരിക്കാനാരംഭിച്ചു.

മാസം രണ്ടു തവണ ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കും.

ഡിജിറ്റലായി പുറത്തിറക്കുന്ന വാർത്ത പത്രിക വ്യവസായ വാണിജ്യ വകുപ്പിൻെ ഔദ്യോഗിക ഫേസ് ബുക് പേജ് ആയ @Kerala Industries ലും ലഭിക്കും. വാർത്താ പത്രിക സംസ്ഥാന വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി.രാജീവ് പ്രകാശനം ചെയ്തു.

## COIR DEVELOPMENT DEPARTMENT AND COIRFED ETC CONTACT DIRECTORY

| Sl No | Name | Office | Mobile |
|---|---|---|---|
| **I.** | **Coir Development Dept.** | | |
| 1 | Sri. Rajesh Kumar Sinha IAS<br>Principal Secretary, Coir | 0471 2517395 | |
| 2 | Sri.V.R.Vinod IAS,<br>Director of Coir Development | 0471-2322046 | 9400593500 |
| 3 | Shri. N.Padmakumar,<br>Special Officer (Coir) | 0471-2322046 | |
| 4 | ADCD | 0471-2322046 | |
| 5 | Shri. Byju Kumar.S, Under Secretary (Coir) | 0471-2518481 | 9447066257 |
| 6 | Smt. Sreelekha.S, Section Officer, Coir | 0471-2518032 | 9447782904 |
| 7 | Shri.Thomas John, D.R,<br>Coir Development Dept. | 0471-2322046 | 9447245611 |
| 8 | Shri.C.Abhishek, Spl. Officer, Coir Dept. | 0471-2322046 | 9895671981 |
| II | Coir Project Offices | | |
| 1 | Shri.Sreekumar.B, Chirayinkeezh | 0470-2626581 | 8289807351 |
| 2 | Shri.Benedict Nixon, Kollam | 0474-2793412 | 9809016005 |
| 3 | Shri.G.Krishnapillai, Kayamkulam | 0479-2442469 | 9446071531 |
| 4 | Shri.Sasikumar.S, Alappuzha | 0477-2245268 | 9567323035 |
| 5 | Smt.S. Sudha Varma, Vaikom | 04829-231371 | 9446000377 |
| 6 | Smt. Indira K.M , North Paravoor | 0484-2442533 | 9495016149 |
| 7 | Shri.Sojan. C.R, Thrissur | 0487-2423047 | 9497193550 |
| 8 | Shri.Saseendran B, Ponnani | 0494-2666029 | 9496176030 |
| 9 | Shri.Suresh Babu, Kozhikkode | 0495-2768460 | 9446079538 |
| 10 | Shri.Sivasankaran i/c, Kannur | 0497-2705034 | 9744720375 |
| III | Coirfed Head Office | | |
| 1 | Sri. C. Suresh Kumar, Managing Director | 0477 - 2244109 | 9447484109 |
| 2 | Shri. B. Sunil, General Manager | 8281009870 | 9400149478 |
| 3 | Smt. Sheela S, IAO & PM | 8281009871 | 9495967161 |
| 4 | Shri.Prakash K S, Dy.Finance Manager | 8281009820 | |
| 5 | Shri. V.N.Sasikumar, Asst.Finance Manager | 8281009819 | 9446428296 |
| 6 | Shri. Anuraj. M, Marketing Manager (P) | 8281009840 | 9895365558 |
| 7 | Shri. Sreevardhan Namboothiri. S<br>Marketing Manager(Y) | 8281009817 | 8850677769 |
| 9 | Shri. Anil Kumar.S, Marketing Manager | 8281009828 | 7012602633 |
| 10 | Shri. S.Jayaprakash, Asst. Finance Manager | 8281009841 | 9745372148 |
| 11 | Shri.N.S.Mohandas, Liaison Officer & PRO | 8281009833 | 9497339180 |
| 12 | Shri. Vinesh.S, Development Officer | 8330010736 | 9400599236 |
| 13 | Regional Officer, Alappuzha | 0477-2246272 | 8281009832 |
| 14 | Shri.D.Sajeev, Regional Officer, Kollam | 0474-2793543 | 8281009829 |
| 15 | Shri. Harish. V, Regional Officer, Kochi | 0484-2224649 | 8281009843 |
| 16 | Sri.T.K Jeevanandan, R.O, Kozhikode | 0495-2360274 | 8281009844 |
| 17 | Shri. P.Prajeesh, P A to President & MD | 8281009842 | 9446271700 |
| 18 | Sri.BabuVijayanath, Depot Manager,<br>Alappuzha | 8281009872 | 9847222027 |
| 19 | Shri. N.K.Baby Materials Manager | 8281009834 | 9495873599 |
| 20 | Shri. M.P.Narayanan Nair, Prod. Supervisor | 8281009835 | |
| 21 | Shri.V K Shine Stores Supervisor | 8281009818 | 8547524185 |
| 22 | Shri.T.N.Vinod Kumar, Manager, RB Unit | | 9497635914 |
| 23 | Shri.Nagappan, Dispatch Supervisor,<br>PVCT Unit | 8330010737 | 8075250903 |
| 24 | Ramla Beevi.H, Central Stores Manager i/c | 0477-2242471 | |

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം



# Coirfed

## വേവുന്ന വേനലിലും
## വിളകൾക്കു തണുവായ്,
## കയർഫെഡിന്റെ കൊക്കോഫെർട്ട്

### കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം







Customer Care Number :
**0477 2243627**






namasteads.com

**Call Now : 8281009828,8281009840**

**THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd.** P.B.No.4616, Alappuzha,Kerala, India
Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 30-09-2021, September 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705